**സബ്മിഷൻ**

മലപ്പുറം ജില്ലയിലെ എ.എം.എൽ.പി. സ്കൂൾ അടച്ചുപൂട്ടൽ

മി. ചെയർമാൻ: ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി എം.എൽ.എ. ഇതേ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ വി.എസ്. അച്ചുതാനന്ദൻ): സർ, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ഉപജില്ലയിൽപെട്ട മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ 85 വർഷം പഴക്കമുള്ള പ്രാഥമിക വിദ്യാലയമാണ്. ഭൂമിവിൽപ്പന ലക്ഷ്യംവച്ച് ഈ സ്കൂൾ അടച്ചുപൂട്ടുന്നതിന് മാനേജർ ഹൈക്കോടതിയിൽനിന്നും ഉത്തരവ് സമ്പാദിച്ചിരിക്കുകയാണ്. 70 സെന്റ് സ്ഥലത്താണ് ഈ സ്കൂൾ പ്രവർത്തിക്കുന്നത്. സെന്റിന് 2 ലക്ഷം രൂപ വിലവരുന്ന ഈ സ്ഥലം വിറ്റാൽ ഒന്നരക്കോടി രൂപ മാനേജർക്ക് ലഭിക്കും. ഇതാണ് ഈ സ്കൂൾ അടച്ചുപൂട്ടുന്നതിന് സ്കൂൾ മാനേജരെ പ്രേരിപ്പിക്കുന്നത്.

ഒന്നുമുതൽ നാലുവരെ ക്ലാസുകളിലായി 75 കുട്ടികൾ പഠിക്കുന്നുണ്ട്. 5 അദ്ധ്യാപകർ ഇവിടെ ജോലി ചെയ്യുന്നു. കെ.ഇ.ആർ.-ൽ മാനേജർക്ക് സ്കൂൾ അടച്ചുപൂട്ടുന്നതിന് അവകാശമുണ്ടെന്ന് ചൂണ്ടിക്കാട്ടിയാണ് ഹൈക്കോടതി വിധി ഉണ്ടായിരിക്കുന്നത്. എന്നാൽ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം സർക്കാരിന്

ആവശ്യമായ നടപടി സ്വീകരിക്കാമെന്നും ജഡ്ജ്മെന്റിൽ പറഞ്ഞിട്ടുണ്ട്. സ്കൂൾ മാനേജർക്ക് സ്കൂൾ അടച്ചുപൂട്ടുന്നതിനുള്ള അവകാശം നൽകുന്ന വകുപ്പ് എടുത്തുകളയുന്നതിനുള്ള നടപടി സ്വീകരിക്കണം. അല്ലാത്തപക്ഷം വർദ്ധിച്ചുവരുന്ന ഭൂമിവില കണക്കിലെടുത്ത് പല എയ്ഡഡ് സ്കൂളുകളും ഈ വിധം അടച്ചുപൂട്ടുന്നതിന് മാനേജർമാർ തയ്യാറാകും. ആയതിനാൽ ഈ സ്കൂൾ അടിയന്തരമായി ഏറ്റെടുക്കുന്നതിനും കെ.ഇ.ആർ.-ലെ മാനേജർമാർക്ക് അനുകൂലമായ വ്യവസ്ഥ എടുത്തുകളയുന്നതിനുമുള്ള നടപടി സർക്കാർ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ പി. കെ. അബ്ദു റബ്ബ്): സർ, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി സബ്ജില്ലയിൽ ഉൾപ്പെടുന്ന പുളിക്കൽ ഗ്രാമപഞ്ചായത്തിൽ 1943-ൽ സ്ഥാപിതമായ വിദ്യാലയമാണ് മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ. സ്കൂൾ അനാദായകരമാണെന്ന് ചൂണ്ടിക്കാട്ടി സ്കൂൾ അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ട് 16.05.2009-ൽ ശ്രീമതി ടി. പി. മുനീറ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കേരള വിദ്യാഭ്യാസ നിയമവും ചട്ടങ്ങളും പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. തുടർന്ന് സ്കൂൾ അടച്ചുപൂട്ടുന്നതിന് എതിരെ സ്കൂൾ സംരക്ഷണ സമിതി നിവേദനം നൽകുകയുണ്ടായി. സ്കൂൾ അടച്ചുപൂട്ടുന്നതിനെതിരെ പുളിക്കൽ ഗ്രാമപഞ്ചായത്തും

ഏകകണ്ഠമായി പ്രമേയം പാസ്സാക്കിയിരുന്നു. തുടർന്ന് സ്കൂൾ അടച്ചുപൂട്ടണമെന്ന ആവശ്യം 23.07.2010-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിക്കുകയുണ്ടായി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗങ്ങൾ ഏറെയുള്ള പ്രസ്തുത പ്രദേശത്തെ സ്കൂൾ അടച്ചുപൂട്ടുന്നത് കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസത്തെ ബാധിക്കുമെന്നതിനാലാണ് അടച്ചുപൂട്ടലിന് അനുമതി നൽകാതിരുന്നത്. ഇതിനെതിരെ ശ്രീമതി ടി. പി. മുനീറ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WPC No. 18311/2010 നമ്പറായി റിട്ട് ഹർജി നൽകി 12.04.2011-ൽ അനുകൂല വിധി സമ്പാദിച്ചു. പ്രസ്തുത വിധിന്യായത്തിനെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്യുകയും പ്രസ്തുത അപ്പീൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഫുൾബെഞ്ച് 12.11.2014-ലെ വിധിന്യായ പ്രകാരം തള്ളുകയും ചെയ്തു. 12.11.2014-ലെ മേൽ വിധിക്കെതിരെ എസ്.എൽ.പി. ഫയൽ ചെയ്യുകയും ഈ കാര്യം അഡ്വക്കേറ്റ് ജനറലുമായി ചർച്ച ചെയ്യുകയുമുണ്ടായി. കേരള വിദ്യാഭ്യാസ നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലും വിദ്യാഭ്യാസ അവകാശ നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലും ഈ കാര്യത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്നാണ് അഡ്വക്കേറ്റ് ജനറൽ അഭിപ്രായപ്പെട്ടത്. ബഹുമാനപ്പെട്ട ഹൈക്കോടതി ഫുൾബെഞ്ചിന്റെ വിധിന്യായത്തിന്റെ

അടിസ്ഥാനത്തിലും മേൽ ഉപദേശത്തിന്റെ അടിസ്ഥാനത്തിലും സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള വിദ്യാഭ്യാസ നിയമം സെക്ഷൻ 7(6) പ്രകാരം സ്കൂൾ അടച്ചുപൂട്ടുന്നതിന് ഒരുവർഷത്തെ മുൻകൂർ നോട്ടീസ് നൽകിയാൽ മതിയെന്ന വ്യവസ്ഥ മാത്രമാണ് നിലവിലുള്ളത്. ഇപ്രകാരം നോട്ടീസ് നൽകിയാൽ യാതൊരു അനുപാതവും ഇല്ലാതെതന്നെ നോട്ടീസ് കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് മാനേജർമാർക്ക് സ്കൂൾ അടച്ചുപൂട്ടാൻ കഴിയുന്നതാണ്. എന്നാൽ 2009-ലെ വിദ്യാഭ്യാസ അവകാശ നിയമവും 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടങ്ങളും പ്രകാരവും സ്കൂൾ അടച്ചുപൂട്ടുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികളുടെയും തദ്ദേശ ഭരണ സ്ഥാപനത്തിന്റെയും ശിപാർശ ആവശ്യമാണ്. വിദ്യാഭ്യാസ അവകാശ നിയമപ്രകാരം എൽ.പി. സ്കൂളുകളെ സംബന്ധിച്ചിടത്തോളം ഒരു കിലോമീറ്ററിനുള്ളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഒരുക്കാൻ സർക്കാർ ബാധ്യസ്ഥമാണ്. മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂളിന് ഒന്നര കിലോമീറ്റർ ദൂരത്തിൽ മറ്റ് സ്കൂളുകളൊന്നുമില്ലെന്ന് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. മാത്രവുമല്ല മുൻ മാനേജരിൽനിന്നും ശ്രീമതി ടി. പി. മുനീറ സ്കൂൾ വാങ്ങിയിരുന്നുവെങ്കിലും സ്കൂൾ മാനേജരായി ശ്രീമതി ടി. പി. മുനീറ-ക്ക് നാളിതുവരെ ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരി അംഗീകാരം നൽകിയിട്ടില്ലാത്തതിനാൽ

ചട്ടപ്രകാരം സ്കൂൾ അടച്ചുപൂട്ടുന്നതിന് അപേക്ഷ നൽകുന്നതിനുള്ള അധികാരം ടിയാൾക്ക് ഉണ്ടായിരുന്നില്ല. മേൽ സാഹചര്യത്തിൽ സ്കൂൾ അടച്ചുപൂട്ടണമെന്ന ആവശ്യം 09.07.2015-ലെ ജി.ഒ.(ആർ.ടി.) 2792/2015-ൽ പൊതുവിദ്യാഭ്യാസ ഉത്തരവുപ്രകാരം സർക്കാർ നിരസിച്ചിട്ടുണ്ട്. മേൽ തീരുമാനം കൈക്കൊള്ളുന്നതിന് മുൻപ് ശ്രീമതി ടി. പി. മുനീറ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WPC No. 12893/2015 നമ്പറായി റിട്ട് ഹർജി സമർപ്പിക്കുകയും 30.06.2015-ലെ വിധിന്യായ പ്രകാരം വിധിപ്പകർപ്പ് ലഭിച്ച് ഒരാഴ്ചക്കകം സ്കൂൾ റെക്കോർഡുകൾ ഏറ്റുവാങ്ങാൻ കൊണ്ടോട്ടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം നൽകുകയുമുണ്ടായി. എന്നാൽ റിട്ട് അപ്പീൽ നമ്പർ 653/2011-ന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അടച്ചുപൂട്ടണമെന്ന ആവശ്യം നിരസിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ 30.06.2015-ലെ വിധി സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ട് 14.07.2015-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ റിവ്യൂ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. റിട്ട് പെറ്റീഷൻ നമ്പർ 12893/2015-ൽ സർക്കാർ കക്ഷിയല്ല. കേസ് ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും

ശ്രീ. ആർ. രാജേഷ്: സാർ, സംസ്ഥാനത്തെ സ്കൂളുകൾക്ക് പാഠപുസ്തകങ്ങൾ കിട്ടാത്ത സ്ഥിതിയാണ് നിലവിലുള്ളത്. ഇന്ന് ഇതുസംബന്ധിച്ച് പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തരപ്രമേയം സർക്കാർ നിഷേധിച്ചിരിക്കുകയാണ്. രണ്ടുതവണ അടിയന്തരപ്രമേയം അവതരിപ്പിച്ചു എന്ന കാരണം പറഞ്ഞുകൊണ്ടാണ് അത് നിഷേധിച്ചത്. പാഠപുസ്തക അച്ചടി ആരംഭിക്കണം, സമയബന്ധിതമായി വിതരണം ചെയ്യണം എന്നാവശ്യപ്പെട്ട് 2-7-2015-നാണ് ആദ്യത്തെ അടിയന്തരപ്രമേയം അവതരിപ്പിച്ചത്. 7-7-2015-ൽ അവതരിപ്പിച്ച അടിയന്തര പ്രമേയത്തിന്റെ ഭാഗമായി ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ നിയമസഭയിൽ ഉറപ്പു നൽകിയത് ജൂലൈ മാസം 20 എന്ന ദിവസമുണ്ടെങ്കിൽ കേരളത്തിലെ എല്ലാ സ്കൂളുകളിലും പാഠപുസ്തകം എത്തിച്ചിരിക്കും എന്നാണ്. 2015 മെയ് മാസം 31-ാം തീയതി തന്റെ ഫെയ്സ് ബുക്കിലൂടെ കേരളത്തിലെ 90 ശതമാനം സ്കൂളുകളിലും പാഠപുസ്തകം എത്തിയിട്ടുണ്ട് എന്ന് പോസ്റ്റിട്ട മുഖ്യമന്ത്രിക്ക് ഇന്ന് അങ്ങനെയൊരു പോസ്റ്റിടാൻ കഴിയുമോ? കഴിയുകയില്ല. ഒരു സ്കൂളിലും പാഠപുസ്തകം എത്തിയിട്ടില്ല. ഇന്ന് നടത്താനിരിക്കുന്ന ശ്രീ. ഗോപിനാഥ് മുതുകാടിന്റെ മാജിക്കിനെക്കുറിച്ച് സൂചിപ്പിച്ചു. മുതുകാടിന്റെ മാജിക്കിനേക്കാൾ വലിയ

മാജിക്കാണ് അങ്ങ് കാണിക്കുന്നത്. എത്താത്ത പാഠപുസ്തകം വച്ചുകൊണ്ട് ജാലവിദ്യ കാണിക്കുന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ് അങ്ങ്. ആലപ്പുഴ ജില്ലയിൽ 38,000 പാഠപുസ്തകങ്ങൾ എത്തിയിട്ടില്ല എന്ന് വിദ്യാഭ്യാസ ഓഫീസർതന്നെ കേരളത്തിലെ മാധ്യമങ്ങളോട് പരസ്യമായി സൂചിപ്പിച്ചിരിക്കുകയാണ്. തൃശ്ശൂരിൽ 30,000 പാഠപുസ്തകം എത്തിയിട്ടില്ല. ചേർത്തല 24 സ്കൂൾ സൊസൈറ്റികളിൽ ഒരു പുസ്തകംപോലും എത്തിയിട്ടില്ല. കൊല്ലം ജില്ലയിൽ 8-ാം ക്ലാസ്സിലെ ഇംഗ്ലീഷ് പാഠപുസ്തകം എത്തിയിട്ടില്ല. 5-ാം ക്ലാസ്സിലെ ഹിന്ദി പാഠപുസ്തകം എത്തിയിട്ടില്ല. കണ്ണൂർ ജില്ലയിൽ 8-ാം ക്ലാസ്സിലെ ഇംഗ്ലീഷ് പാഠപുസ്തകം എത്തിയിട്ടില്ല, ഇടുക്കി ജില്ലയിൽ 2, 3, 8 ക്ലാസ്സുകളിലെ ഇംഗ്ലീഷ് പാഠപുസ്തകങ്ങൾ എത്തിയിട്ടില്ല, അങ്ങ് പരിശോധിച്ചാൽ മതി, അതാണ് വസ്തുത. 3, 5 ക്ലാസ്സുകളിലെ ഹിന്ദി പാഠപുസ്തകങ്ങൾ എത്തിയിട്ടില്ല. തമിഴ് പാഠപുസ്തകം ഒന്നുപോലുമില്ല. തമിഴ്നാട്ടിൽ കേരളത്തിലെ മലയാള പാഠപുസ്തകം ഇറക്കുന്നില്ല എന്ന ന്യായം പറഞ്ഞുകൊണ്ട് കേരളത്തിലെ ഭാഷാ ന്യൂനപക്ഷങ്ങളെ അവഗണിക്കുന്ന ഒരു സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. തമിഴ് പാഠപുസ്തകം ഇത്തവണ അച്ചടിക്കേണ്ടതില്ല എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട് കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഉറപ്പ് ഞങ്ങൾക്ക്

മുഖവിലയ്ക്കെടുക്കാൻ കഴിയുകയില്ല. അതിന് പഴയ ചാക്കിന്റെ വില പോലുമില്ലാത്തതാണ്. മൂന്ന് തവണ നിയമസഭയ്ക്ക് അകത്തും ബഹുമാനപ്പെട്ട കോടതിയോടും ഈ സർക്കാർ പറഞ്ഞത് പാലിച്ചിട്ടില്ല. കേരളത്തിലെ അധ്യാപകർക്ക് കൊടുക്കേണ്ട ഹാൻഡ്ബുക്ക് സമയബന്ധിതമായി അച്ചടിക്കുവാൻ കഴിയുന്നില്ല, അതിനുള്ള പ്രിന്റ് ഓർഡർ കൊടുത്തിട്ടില്ല. പാഠപുസ്തകം സമയത്ത് എത്തിക്കും എന്നു പറഞ്ഞ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഉറപ്പ് ഞങ്ങൾ മുഖവിലയ്ക്കെടുക്കുന്നില്ല. കേരളത്തിലെ സ്കൂളുകളിൽ പാഠപുസ്തകങ്ങൾ എത്തുന്നില്ല, ഇത് ഗൗരവമായ പ്രശ്നമാണ്. ലീഗിനെ സംബന്ധിച്ച്..........(ബഹളം)......... വിദ്യാഭ്യാസമന്ത്രി ലീഗാണ് അതുകൊണ്ടാണ് പറഞ്ഞത്, അതിന് നിങ്ങൾ എന്തിനാണ് ബേജാറാകുന്നത്? ലീഗിന് പാഠപുസ്തകത്തെക്കുറിച്ച് പറയുമ്പോൾ നോവും. ഞങ്ങൾ പാഠപുസ്തകം ചോദിക്കുകയാണ്, നിങ്ങൾ പാഠപുസ്തകം തെരുവിലിട്ട് കത്തിക്കുകയാണ്. ഞങ്ങളുടെ കുട്ടികൾ, പ്രതിപക്ഷത്തെ വിദ്യാർത്ഥി സംഘടനകൾ ചില്ലിക്കാശ് പിരിച്ച് തിരൂരിൽ കൊടുത്ത പാഠപുസ്തകങ്ങൾ തെരുവിലിട്ട് കത്തിച്ചത് ലീഗുകാരാണ്, എന്താണ് നിങ്ങൾക്ക് പറയുവാനുള്ളത് ? ഞാൻ ലീഗുകാരനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ഒരു കാര്യം ചോദിക്കുകയാണ്, അങ്ങ് പരിശുദ്ധ ഖുർ-ആൻ ഒരുപാട് തവണ വായിച്ചിട്ടുണ്ടാകും. ഖുർ-ആനിൽ 6666

സൂക്തങ്ങൾ ഉണ്ട്, അതിൽ ആദ്യത്തെ വാചകം ഏതാണ്? ആദ്യത്തെ വാക്ക് 'ഇഖ്റഅ് ' എന്നാണ്. അതിന്റെ അർത്ഥം 'വായിക്കുക' എന്നാണ്. പരിശുദ്ധനായ നബി തിരുമേനി ആദ്യം പറഞ്ഞത് വായിക്കുക എന്നാണ്. നീ നോമ്പെടുക്കൂ, നീ സക്കാത്ത് കൊടുക്കൂ എന്നല്ല. നോമ്പ് എടുക്കുന്നതിനും സക്കാത്ത് കൊടുക്കുന്നതിനും മുൻപ് വായിക്കുക എന്നാണ് അന്ത്യ പ്രവാചകൻ പറഞ്ഞത്. നിങ്ങളുടെ ഏത് സാഹചര്യത്തിലും മൈലുകൾക്കപ്പുറത്തേയ്ക്ക് പോയി, മക്കയിൽ നിന്നും മൈലുകൾക്കപ്പുറത്ത് ചൈനയിൽ പോയി പഠിക്കാൻ പ്രവാചകൻ പറഞ്ഞു. എന്താണ് ലീഗുകാർ ഇത് മനസ്സിലാക്കാത്തത്? പഠിക്കുക, വായിക്കുക എന്നാണ് പ്രവാചകൻ പറഞ്ഞത്. കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ആ വായനയ്ക്ക് വിരുദ്ധമായ സമീപനം സ്വീകരിക്കുകയാണ്. കേരളത്തിലെ സ്കൂൾ കുട്ടികൾക്ക് പാഠപുസ്തകം ഇല്ല. പണ്ട് പാഠപുസ്തകം ഇല്ലാതെ ഒരു കുട്ടി സ്കൂളിൽ ചെന്നാൽ അവനെ അദ്ധ്യാപകർ അടിക്കുമായിരുന്നു. ഡയസ്സിലിരിക്കുന്ന അങ്ങും പാഠപുസ്തകം കൊണ്ടുപോയില്ലെങ്കിൽ അങ്ങയെ അടിക്കുമായിരുന്നു. സ്കൂളിൽ പാഠപുസ്തകം കൊണ്ടുപോയില്ലെങ്കിൽ അടിക്കുമായിരുന്ന കേരളത്തെ ഇന്ന് പാഠപുസ്തകം ചോദിച്ചാൽ അടിക്കുന്ന നിലയിലേക്ക് മാറ്റിയ വിദ്യാഭ്യാസ വകുപ്പുമന്ത്രി യായിരിക്കുന്നു അങ്ങ്. അതുകൊണ്ട് അങ്ങ് കോടതിയോടും ഈ നിയമസഭയോടും

പറഞ്ഞ വാക്ക് പാലിക്കണം. ഇന്നും പുസ്തകം എത്തിയിട്ടില്ല അടിയന്തരമായി പുസ്തകം വിതരണം ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കണം എന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, പാഠപുസ്തകങ്ങൾ സമയബന്ധിതമായി അച്ചടിച്ച് നൽകുക എന്നുള്ളത് ഗവൺമെന്റിന്റെ ബാധ്യത യാണ്. അത് നിറവേറ്റുന്ന കാര്യത്തിൽ ഗവൺമെന്റ് യാതൊരു അലംഭാവവും കാണിച്ചിട്ടില്ല. ഹൈക്കോടതിയിൽ വന്ന കേസ്സിന്റെ അടിസ്ഥാനത്തിൽ, ഹൈക്കോടതിയിൽ കൊടുത്തിട്ടുള്ള സത്യവാങ്മൂലത്തിൽ പറഞ്ഞിട്ടുള്ളത് 20-ാം തീയതിക്കകം പ്രിന്റിംഗ് പൂർത്തിയാക്കുമെന്നും 23-ാം തീയതിക്കകം എല്ലാ സ്കൂളുകളിലും ഇതിന്റെ പ്രോസസ്സ് പൂർത്തിയാക്കി പാഠപുസ്തകങ്ങൾ എത്തി എന്ന് ഉറപ്പുവരുത്തുകയും ചെയ്യും എന്നാണ്. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, 18-ാം തീയതി പ്രിന്റിംഗ് പൂർത്തിയാക്കി 20-ാം തീയതിയോടു കൂടി എല്ലാ പ്രോസസ്സും കംപ്ലീറ്റ് ചെയ്യാൻ ശ്രമിക്കണമെന്ന് മുഖ്യമന്ത്രി തന്നെ പറഞ്ഞു. അതിനനുസരിച്ച് കാര്യങ്ങൾ നടക്കുകയും ചെയ്തു. ഞാൻ അതിന്റെ ശരിയായ കണക്ക് വായിക്കാം.

2015-16 വർഷത്തിൽ ആകെ വേണ്ടിയിരുന്ന പാഠപുസ്തകങ്ങളുടെ എണ്ണം

2,47,00,1382 ആണ്. മുൻവർഷം പ്രിന്റ് ചെയ്തതിൽ ഹബ്ബുകളിൽ ബാക്കിയുണ്ടായിരുന്നത് 13,52,582 ആണ്. അതുകൊണ്ട് 2,33,48,800 പുസ്തകങ്ങൾക്കാണ് പുതുതായി പ്രിന്റ് ഓർഡർ നൽകിയത്. അതിൽ പ്രിന്റ് ചെയ്തതും മുൻപ് ബാക്കിയിരുന്നതും കൂടി വിതരണം ചെയ്തത് 2,37,46,637 ആണ്. ഹബ്ബിൽ ഇനി ബാക്കിയുള്ളത് 7,94,745 ആണ്. സർക്കാർ എയ്ഡഡ് സ്കൂളുകൾക്ക് ഇനി വിതരണം ചെയ്യാനുള്ളത് 1,60,000 ആണ്. ഹബ്ബിൽ ബാക്കിയുള്ള പുസ്തകങ്ങൾ അൺഎയ്ഡഡ് സ്കൂളുകൾക്ക് വിതരണം ചെയ്യാനുള്ളതാണ്. അവർ ഹബ്ബിൽ നിന്നും നേരിട്ട് പുസ്തകം എടുക്കണം, അത് സൊസൈറ്റികളിൽ നിന്നും വിതരണം ചെയ്യുന്നതല്ല. സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഇനിയും വിതരണം ചെയ്യാനുള്ള പുസ്തകങ്ങൾ ഉടൻതന്നെ വിതരണം ചെയ്യുന്നതാണ്. സൊസൈറ്റികളിൽ പുസ്തകങ്ങൾ എത്തിക്കഴിഞ്ഞാൽ അതാത് സ്കൂളുകളാണ് അവ കൊണ്ടുപോകേണ്ടത്. ആ സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരോ മറ്റുള്ളവരോ കാലതാമസം വരുത്തുന്നതുകൊണ്ടാണ് വിതരണത്തിൽ താമസം വരുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത അഫിഡവിറ്റിൽ പാഠപുസ്തക അച്ചടി 20-7-2015-നകം പൂർത്തീകരിക്കുമെന്നും, 23-ാം തീയതിക്കകം വിതരണം പൂർത്തിയാക്കുമെന്നുമാണ് പറഞ്ഞിരിക്കുന്നത്. അതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ഇന്നലെത്തന്നെ എല്ലാ കാര്യങ്ങളും പൂർത്തീകരിച്ചു. ഗവൺമെന്റ് സ്കൂളുകൾക്കും, എയ്ഡഡ് സ്കൂളുകൾക്കും ഹബ്ബുകളിൽനിന്ന് പുസ്തകങ്ങൾ സൊസൈറ്റികളിൽ എത്തിക്കുന്ന ചുമതലയാണ് പോസ്റ്റൽ ഡിപ്പാർട്ടുമെന്റ് ചെയ്യുന്നത്. അതും പൂർത്തിയായിട്ടുണ്ട്. ഹബ്ബുകളിൽ ഇനിയുള്ള 10 ലക്ഷം പുസ്തകങ്ങളിൽ 9 ലക്ഷവും അൺഎയ്ഡഡ് സ്കൂളുകൾക്കുള്ളതാണ്. അത് അവർ നേരിട്ടുവന്ന് എടുത്തുകൊണ്ട് പോകേണ്ടതാണ്. അതുകൊണ്ട് ഏതെങ്കിലും ഒരു സ്കൂളിൽ ഒരു പുസ്തകം കിട്ടിയില്ല എന്നുപറഞ്ഞതുകൊണ്ട് കാര്യമില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഇപ്പോൾ പറഞ്ഞത് ഹൈക്കോടതിയിൽ കൊടുത്ത അഫിഡവിറ്റിൽ പറഞ്ഞിരിക്കുന്നത് 23-ാം തീയതി പുസ്തകം കൊടുക്കും എന്നാണ്. നിയമസഭയിൽ ഈ ചർച്ച വന്നപ്പോൾ അദ്ദേഹം ഈ സഭയ്ക്ക് നൽകിയ ഉറപ്പ് 20-ാം തീയതിക്കുള്ളിൽ പുസ്തകം കൊടുക്കും എന്നാണ്. നിയമസഭയിൽ പറഞ്ഞ ഉറപ്പിന് വിരുദ്ധമായി ഹൈക്കോടതിയിൽ എങ്ങനെയാണ് ഒരു സത്യവാങ്മൂലം കൊടുത്തത്? ഇത് നിയമസഭയുടെ അവകാശത്തിനു നേരെയുള്ള ലംഘനമാണ്. ഈ ഗവൺമെന്റ് നിയമസഭയെയാണോ ഹൈക്കോടതിയെയാണോ വലുതായിട്ട് കാണുന്നത്? ഈ സഭയ്ക്ക് നൽകിയിട്ടുള്ള സത്യവാങ്മൂലം ലംഘിച്ചുകൊണ്ട്

ഹൈക്കോടതിയിൽ ഇങ്ങനെയൊരു സത്യവാങ്മൂലം കൊടുത്ത ഉദ്യോഗസ്ഥൻ ആരാണ്? ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുത്ത് ഈ സഭയ്ക്ക് റിപ്പോർട്ട് ചെയ്യണം.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, സത്യവാങ്മൂലത്തിൽ ഒരു തകരാറുമില്ല. ഞാൻ പറഞ്ഞല്ലോ, 20-ാം തീയതിക്കകം പ്രിന്റിംഗ് പൂർത്തിയാക്കുമെന്നും 23-ാം തീയതിക്കകം എല്ലാ പുസ്തകങ്ങളും സ്കൂളുകളിൽ എത്തി എന്ന് ഉറപ്പു വരുത്തുമെന്നുമാണ് കോടതിയിൽ പറഞ്ഞത്. 20-ാം തീയതിക്കകം പുസ്തകവിതരണം പൂർത്തിയാക്കുമെന്ന് ഇവിടെ പറഞ്ഞത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെടുത്ത തീരുമാനമാണ്. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അച്ചടി പൂർത്തിയാക്കി ഇന്നലെത്തന്നെ വിതരണം കഴിഞ്ഞു. ഇനി പത്ത് ലക്ഷം പുസ്തകങ്ങൾ ഹബ്ബിലുള്ളതിൽ 9 ലക്ഷവും അൺഎയ്ഡഡ് സ്കൂളുകൾക്കുള്ളതാണ്. അത് എടുത്ത് കൊണ്ടുപോകേണ്ടത് അവർ തന്നെയാണ്. ഇക്കാര്യത്തിൽ യാതൊരു അപാകതയും വന്നിട്ടില്ല. കോടതിയിൽ ഇന്ന് ഈ കേസ് വരുന്നുണ്ട്, ഗവൺമെന്റ് ഇക്കാര്യം കോടതിയിൽ പറയും.

നോട്ടീസിൽ പറഞ്ഞിട്ടുള്ള മറ്റൊരു കാര്യം ഉച്ചഭക്ഷണം സംബന്ധിച്ചുള്ളതാണ്. ഉച്ചഭക്ഷണത്തിന് എല്ലാ സ്കൂളുകൾക്കും മൂന്ന് മാസത്തെ പണം മുൻകൂറായി

കൊടുക്കുകയാണ് ചെയ്യുന്നത്. അത് ഇപ്രാവശ്യവും കൊടുത്തിട്ടുണ്ട്.

എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ യൂണിഫോമിന് കാലതാമസം ഉണ്ടായി. കാരണം അതിനുള്ള ഫണ്ട് കേന്ദ്ര ഗവൺമെന്റ് തരുന്നില്ല. അതും സംസ്ഥാന ഗവൺമെന്റ് ക്യാബിനറ്റിൽവച്ച് പാസ്സാക്കി വിതരണം ചെയ്തു കഴിഞ്ഞു.

അദ്ധ്യാപക സഹായി വിതരണം ചെയ്തിട്ടില്ലെന്ന് പറഞ്ഞു. പാഠപുസ്തകങ്ങൾ മാറിയതുകൊണ്ട് അദ്ധ്യാപക സഹായി ഉണ്ടാക്കാനുള്ള കാലതാമസം വന്നു. അതിന്റേയും പ്രിന്റ് ഓർഡർ കൊടുത്തു, 28-ാം തീയതിയോടുകൂടി ആ പുസ്തകങ്ങളും കിട്ടും.

സ്കൂൾ തുറന്ന് ഒരു മാസം കഴിഞ്ഞപ്പോഴാണ് നിങ്ങൾ ഈ കാര്യങ്ങൾ പറയുന്നത്. ഞാൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, 2010 ൽ പത്രങ്ങളിൽ വന്ന ചില കാര്യങ്ങൾ ഇവിടെ വായിക്കാം. .........(ബഹളം)......... "പഠിത്തം പകുതിയായി, പുസ്തകം എത്തിയില്ല'; 'പാഠപുസ്തകത്തിന് അമിത കയറ്റിറക്കുകൂലി, വിതരണം സ്തംഭിച്ചു' ; പാഠപുസ്തക വിതരണത്തിൽ നിന്ന് ടെക്സ്റ്റ് ബുക്ക് ഡിപ്പോകൾ പുറത്ത്, പകരം പഞ്ചായത്ത് സമിതികൾ '; അക്ഷരത്തെറ്റ്: '4-ാം ക്ലാസ്സിലെ 2.60 ലക്ഷം ഗണിതശാസ്ത്ര പുസ്തകങ്ങൾ ഉപേക്ഷിക്കുന്നു, 40 ലക്ഷത്തിന്റെ നഷ്ടം, പുസ്തക വിതരണം വൈകും'; 'പാഠപുസ്തകം അച്ചടിയിൽ ഇരുപതുകോടിയുടെ അഴിമതി;

പാഠപുസ്തകങ്ങളുടെ വില ഇരട്ടിയാക്കി; പാഠപുസ്തക അച്ചടി, അഞ്ചുവർഷംകൊണ്ട് പാഴായത് ആറുകോടി; പാഠപുസ്തക വിതരണത്തിലും വിവേചനം...." ഇതെല്ലാം 2009-2010 കാലഘട്ടത്തിൽ പത്രങ്ങളിൽ വന്നതാണ്. ഈ കാര്യങ്ങളെല്ലാം ഇവിടെ നടന്നതാണ്. ഇപ്പോൾ സ്കൂൾ തുറന്നതിനുശേഷം എത്ര അദ്ധ്യയന ദിവസങ്ങളുണ്ടായിരുന്നുവെന്ന് ആലോചി ക്കണം. ആ അദ്ധ്യയന ദിവസങ്ങൾ മാത്രമാണ് നഷ്ടപ്പെട്ടത്. അത് നഷ്ടപ്പെടാതിരി ക്കാനാണ് ടെസ്റ്റ് ബുക്കിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പികളെടുക്കുവാനുള്ള സൗകര്യ ത്തിനുവേണ്ടി സൈറ്റുകളിൽ പ്രസിദ്ധീകരിച്ചത്. അപ്പോൾ ഗവൺമെന്റ് ഈ കാര്യത്തിൽ വളരെയേറെ സൂക്ഷ്മത കാണിച്ചിട്ടുണ്ട്. ശ്രീ. ആർ. രാജേഷ് ഇവിടെ ഖുർ-ആനും ഹദീസുമൊക്കെ പറഞ്ഞു, വളരെ നല്ലത്. കമ്മ്യൂണിസ്റ്റായ അദ്ദേഹം ഈ കാര്യങ്ങളൊക്കെ പഠിക്കുന്നുവെന്നറിഞ്ഞതിൽ വളരെയേറെ സന്തോഷമുണ്ട്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പാഠപുസ്തക വിതരണത്തിൽ യാതൊരു അലംഭാവവും ഉണ്ടായിട്ടില്ല. സാധാരണഗതിയിൽ പാഠപുസ്തകങ്ങൾ മാറിയതുകൊണ്ടും ടെണ്ടർ വിളിച്ചപ്പോൾ സിംഗിൾ ടെണ്ടർ വന്നതുകൊണ്ടും കെ.ബി.പി.എസ്.-ലെ കുറച്ച് കാലതാമസംകൊണ്ടുമാണ് ഇത്രയും കാലതാമസത്തി നിടയായത്. ഇന്ന് ജൂലൈ 21 ആണ് തീയതി. സ്കൂൾ തുറന്നിട്ട് ഇത്രയും ദിവസങ്ങളേ ആയിട്ടുള്ളൂ. പുസ്തകങ്ങൾ

മുഴുവനും കൊടുത്തുകഴിഞ്ഞു. കെ.ബി.പി.എസ്.-ലെ യൂണിയന്റെ ചെയർമാനാണ് ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. അദ്ദേഹം ഇന്നലെ അവിടെ സന്ദർശിച്ചിരുന്നു. നവംബറിൽ വിതരണം ചെയ്യാനുള്ള രണ്ടാം ഘട്ട പുസ്തകത്തിന്റെ അച്ചടി ഇന്നലെ ആരംഭിച്ചുകഴിഞ്ഞു. ഇത്രയും കാര്യക്ഷമമായ നടപടികളാണ് പുസ്തക വിതരണ കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. അതല്ലാതെ യാതൊരു കാലതാമസവും സത്യവാങ്മൂല ലംഘനവും ഈ കാര്യത്തിൽ ഉണ്ടായിട്ടില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, തമിഴ് പാഠപുസ്തക ങ്ങൾ പ്രിന്റ് ചെയ്ത് കൊടുക്കേണ്ടതില്ല എന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, ഇപ്പോൾ ശ്രീ. ആർ. രാജേഷ് പറഞ്ഞപ്പോഴാണ് ഈ കാര്യം എന്റെ ശ്രദ്ധയിൽപ്പെടുന്നത്. അങ്ങനെയൊരു തീരുമാനം എടുത്തിട്ടില്ല. അങ്ങനെയുണ്ടെങ്കിൽ തീർച്ചയായും ആ തെറ്റ് തിരുത്തുന്നതാണ്.

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, പോയിന്റ് ഓഫ് ഓർഡർ, മിനിസ്റ്റർ സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്.

മി. ചെയർമാൻ: ശ്രീ. വി. എസ്. സുനിൽകുമാർ, ഇത് സബ്മിഷനാണ്, നോ പോയിന്റ് ഓഫ് ഓർഡർ. ഇനി അങ്ങയുടെ സബ്മിഷനാണ്. അങ്ങ് സബ്മിഷൻ അവതരിപ്പിക്കുക.

ശ്രീ. വി. എസ്. സുനിൽകുമാർ : സർ, ഇവിടെ സഭയെ തെറ്റിദ്ധരിപ്പിച്ച ഒരു വിഷയം എനിക്ക് സഭയുടെ മുമ്പിൽ അവതരിപ്പിക്കാനുള്ള അവകാശമില്ലേ?

മി. ചെയർമാൻ : അതൊക്കെ അവതരിപ്പിക്കാം ഒരു കുഴപ്പവും ഇല്ല. അങ്ങനെയുണ്ടെങ്കിൽ അത് എഴുതിത്തരൂ, തീർച്ചയായും അത് പരിഗണിക്കും.

ശ്രീ.വി.എസ്.സുനിൽകുമാർ : സർ, ഇത് പോയിന്റ് ഓഫ് ഓർഡർ ആണ്...

മി.ചെയർമാൻ : ഇപ്പോൾ സബ്മിഷൻ അവതരിപ്പിക്കാനുള്ള സമയമാണ്.

ശ്രീ. വി. എസ്. സുനിൽകുമാർ : സർ, ഇത് വേറെ വിഷയമാണ്. സഭയെ വീണ്ടും തെറ്റിദ്ധരിപ്പിക്കുകയാണ്. സഭയിൽ മന്ത്രി നേരത്തെ ഒരു ചോദ്യോത്തരത്തെ തെറ്റിദ്ധരിപ്പിച്ചു. ഇപ്പോൾ ...

മി. ചെയർമാൻ : അങ്ങ് സബ്മിഷൻ അവതരിപ്പിക്കുന്നുണ്ടോ?

ശ്രീ. വി. എസ്. സുനിൽകുമാർ : സർ, ഞാൻ അവതരിപ്പിക്കുന്നുണ്ട്. പക്ഷെ, അങ്ങ് ഒരു അംഗത്തിന്റെ അവകാശം നിഷേധിക്കുന്നത് ശരിയല്ല.

മി.ചെയർമാൻ : പ്ലീസ്, താങ്കൾ സബ്മിഷൻ അവതരിപ്പിക്കുക.

## അദ്ധ്യാപക നിയമനം

ശ്രീ. വി. എസ്. സുനിൽകുമാർ : സർ, ഞാൻ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് നിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. നമ്മുടെ സംസ്ഥാനത്ത് ഇൻഡ്യൻ ഭരണഘടനയ്ക്ക് വിരുദ്ധമായി വളരെക്കാലമായി നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രധാനപ്പെട്ട വിഷയമാണ് എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക/അനദ്ധ്യാപക നിയമനങ്ങൾ. നമ്മുടെ സംസ്ഥാനത്ത് എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ശമ്പളം കൊടുക്കുന്നതിനുവേണ്ടി മാത്രം ഖജനാവിൽനിന്നും 8,000 കോടി രൂപയാണ് സംസ്ഥാന ഗവൺമെന്റ് ചെലവാക്കിക്കൊണ്ടിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് ഇത്രയുംതുക ചെലവാക്കിക്കൊണ്ടിരിക്കുന്ന എയ്ഡഡ് മേഖലയിലെ അദ്ധ്യാപകരെ നിയമിക്കുന്നത് നിലവിലുള്ള ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റ് പ്രകാരം അതാത് മാനേജ്മെന്റുകളാണ്.

എയ്ഡഡ് മേഖലയിലെ കോളേജുകളിൽ എസ്.സി./എസ്.റ്റി. സംവരണം നിർബന്ധമായും പാലിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി അടുത്ത കാലത്ത് നടത്തിയിട്ടുള്ള വളരെ പ്രധാനപ്പെട്ട ഒരു വിധിന്യായം നിലനിൽക്കുകയാണ്. ഞാൻ ഏതെങ്കിലും ഒരു ഗവൺമെന്റിനെ മാത്രം കുറ്റപ്പെടുത്താൻ വേണ്ടി പറയുന്നതല്ല.

ഭരണഘടനയെപ്പറ്റിയും പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സംവരണത്തെ പ്പറ്റിയും നാമെല്ലാം സംസാരിക്കുമെങ്കിലും സ്ഥിതിവിശേഷം വളരെ അപകടകര മാണ്. നമ്മുടെ സംസ്ഥാനത്ത് എയ്ഡഡ് കോളേജുകളിൽ 6,802 അദ്ധ്യാപകർ ഉണ്ട്. ഇത്രയും അദ്ധ്യാപകർ ഉള്ളതിൽ പട്ടികജാതി വിഭാഗത്തിൽ നിന്നും 49 പേർക്കും പട്ടികവർഗ്ഗവിഭാഗത്തിൽ നിന്നും 5 പേർക്കും മാത്രമാണ് നിയമനം ലഭിച്ചിട്ടുള്ളത്. ഇത് വെറും 0.72 ശതമാനം മാത്രമാണ്. എയ്ഡഡ് കോളേജുകളിൽ അനദ്ധ്യാപകരായി നിയമനം ലഭിച്ച 3574 പേരിൽ പട്ടികജാതി വിഭാഗത്തിൽ നിന്നും 39 പേർക്കും പട്ടിക വർഗ്ഗ വിഭാഗത്തിൽ നിന്നും 6 പേർക്കും മാത്രമാണ് നിയമനം ലഭിച്ചത്. സംവരണം ഏറ്റവും കൂടുതൽ അട്ടിമറിക്കപ്പെടുന്നത് എയ്ഡഡ് സ്കൂളുകളിൽ ആണ്. കെ.എസ്.ആർ.-ൽ നിയമനത്തെപ്പറ്റി പറയുന്നില്ലെന്നതിന്റെ പേരിൽ ഒന്നേകാൽ ലക്ഷം അദ്ധ്യാപകർക്കാണ് സർക്കാരിന്റെ ഖജനാവിൽനിന്നും ശമ്പളം കൊടുത്തുകൊണ്ടിരിക്കുന്നത്. മാനേജുമെന്റ് നിയമിച്ച ഒന്നേകാൽ ലക്ഷം അദ്ധ്യാപകരിൽ കേവലം 350 അദ്ധ്യാപകർ മാത്രമാണ് പട്ടികജാതിയിൽപ്പെട്ടവർ, കേവലം 0.38 ശതമാനം. അനദ്ധ്യാപകരിൽ 165 പേർക്ക് മാത്രമാണ് സംവരണ വിഭാഗത്തിൽ നിന്ന് നിയമനം ലഭിച്ചിട്ടുള്ളത്. മാത്രമല്ല യൂണിവേഴ്സിറ്റികളിലെ ആയിരക്കണക്കിന്

പോസ്റ്റുകളിൽ 50 ശതമാനം അദ്ധ്യാപകരേയും കോൺട്രാക്ട് അടിസ്ഥാനത്തിലും ഗസ്റ്റ് ലക്ചറർമാരായും നിയമിച്ചിരിക്കുകയാണ്. അതിനെത്തുടർന്ന് അവിടെ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗങ്ങൾക്ക് കിട്ടേണ്ടിയിരുന്ന എല്ലാ സംവരണവും അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. കേരള കൗമുദി പത്രത്തിൽ ഈ ജൂലൈ മാസം 8-ാം തീയതി മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടന്ന അട്ടിമറിയെപ്പറ്റി പറയുന്നുണ്ട്. 1983 മുതൽ എം.ജി. യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപക നിയമനത്തിൽ സംവരണതത്വം പൂർണ്ണമായും അട്ടിമറിക്കപ്പെട്ടു. അത് സംബന്ധിച്ച് അന്വേഷിച്ച ഡോക്ടർ സോമശേഖരനുണ്ണി കൺവീനറായ കമ്മീഷൻ കണ്ടെത്തിയിട്ടുള്ള കാര്യങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്. എസ്.എസി., എസ്.റ്റി, ഈഴവ, മുസ്ലീം വിഭാഗങ്ങൾക്ക് നിയമപരമായി ലഭിക്കേണ്ട എല്ലാ സംവരണ സീറ്റുകളും ജനറൽ വിഭാഗങ്ങൾ തട്ടിയെടുത്തിരിക്കുകയാണ്. പ്രൊഫസർ, ഡയറക്ടർ തസ്തികകളിൽ മാത്രം 14 തസ്തികകൾ ജനറൽ വിഭാഗമാക്കി മാറ്റി. എം.ജി. യൂണിവേഴ്സിറ്റിയുടെ വൈസ്ചാൻസലർ ആയിരുന്ന ഡോ. രാജശേഖരൻ പിള്ള എസ്.എസി. വിഭാഗത്തിന് കിട്ടേണ്ട സീറ്റ് ഓപ്പൺ മെറിറ്റിലാക്കി ജോലിയിൽ വന്ന ആളാണ്. ഡോ. കെ.പരമേശ്വരൻ എസ്.സി. വിഭാഗത്തിന്റെ സീറ്റ് ഓപ്പൺ ക്വാട്ടയാക്കി മാറ്റി അതിൽ വന്ന ആളാണ്. ഡോ. എൻ. ഇട്ടിയച്ചൻ, ഈഴവ

വിഭാഗത്തിന് കിട്ടേണ്ട സീറ്റാണ് വാങ്ങിയത്. ഡോ. നരേന്ദ്രപ്രസാദ്, അദ്ദേഹം മരിച്ചുപോയി, അദ്ദേഹം മുസ്ലീം വിഭാഗത്തിന് കിട്ടേണ്ട സീറ്റിൽ വന്നയാളാണ്. ഡോ. കെ. എൻ. രാമചന്ദ്രൻ ഒ.ബി.സി.യ്ക്ക് കിട്ടേണ്ട സീറ്റിൽ വന്നയാളാണ്. ഡോ. ഒ. പി. തോമസ് ഈഴവ വിഭാഗത്തിന് കിട്ടേണ്ട സീറ്റ് ഓപ്പൺ സീറ്റാക്കി മാറ്റി വന്ന ആളാണ്. നമ്മുടെ ഭരണഘടനയുടെ ആർട്ടിക്കിൾ 14, 15 അനുസരിച്ച് ഈഴവ, പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നോക്ക ജനവിഭാഗങ്ങൾ, മുസ്ലീങ്ങളടക്കമുള്ള ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവർക്ക് ലഭിക്കേണ്ട അർഹമായിട്ടുള്ള എല്ലാ സംവരണതത്വങ്ങളും വളരെ ബോധപൂർവ്വം ഈ സംസ്ഥാനത്ത് അട്ടിമറിക്കപ്പെടുകയാണ്. ഇത് ഏതെങ്കിലുമൊരു ഗവൺമെന്റിന്റെ മാത്രം പ്രശ്നമായി ഞാൻ പറയുന്നില്ല. പക്ഷെ അസഹനീയമായ നിലയിൽ ഇങ്ങനെ മുന്നോട്ട് പോകുകയാണ്. ആരും പൂച്ചയ്ക്ക് മണികെട്ടാൻ തയ്യാറാകുന്നില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധി നടപ്പാക്കാൻ കഴിയുന്നില്ല. മാനേജ്മെന്റുമായി ചർച്ചകൾ നടത്തുന്നു. നാം ആരെയാണ് ഭയക്കുന്നത്? സർക്കാരിന്റെ എക്സ്ചെക്കറിൽ നിന്നും എണ്ണായിരം കോടി രൂപ ചെലവഴിച്ച് ശമ്പളം കൊടുക്കുമ്പോൾ അവിടെ ഭരണഘടനാപ്രകാരം പാലിക്കപ്പെടേണ്ട സംവരണതത്വം പാലിക്കാൻ തയ്യാറാകണം. ഈ ഗവൺമെന്റ് അത് പാലിക്കാൻ തയ്യാറാകുമെങ്കിൽ ഞങ്ങൾ

പരിപൂർണ്ണമായും നിങ്ങളെ പിന്തുണയ്ക്കാം. എന്തുകൊണ്ടാണ് നിങ്ങൾ അതിന് തയ്യാറാകാത്തത്?

മി. ചെയർമാൻ : ശ്രീ. വി. എസ്. സുനിൽകുമാർ, പ്ലീസ് കൺക്ലൂഡ്..

ശ്രീ. വി. എസ്. സുനിൽകുമാർ : സർ, ഒരു കാര്യം കൂടി പറഞ്ഞ് കൺക്ലൂഡ് ചെയ്യാം. പി.എസ്.സി. വഴി ഡെപ്യൂട്ടികളക്ടറായി ഡയറക്ട് റിക്രൂട്ട്മെന്റ് കിട്ടിയ പട്ടികജാതിയിൽപ്പെട്ട മുരളിയെന്ന് പറയുന്ന ഒരാൾ 1989-ൽ നിയമിതനായതാണ്. അദ്ദേഹത്തിന് 1996-ൽ ഐ.എ.എസ്. പദവി കിട്ടേണ്ടതാണ്. പട്ടികജാതിക്കാരനാണെന്ന ഒറ്റക്കാരണത്താൽ അദ്ദേഹത്തിന് ഐ.എ.എസ്. പദവി നിഷേധിച്ചിരിക്കുകയാണ്. കഴിഞ്ഞദിവസം അവതരിപ്പിച്ച ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബില്ലിലും ഈ ഗവൺമെന്റ് ബോധപൂർവ്വം തിരിമറി നടത്തി. പട്ടികജാതി യിൽപ്പെട്ട ഒരംഗവും ഒരു വനിതാ അംഗവും ഉണ്ടായിരിക്കണമെന്ന നിബന്ധന പട്ടികജാതിക്കാരിയായ ഒരു വനിതയെ നിയമിച്ചുകൊണ്ട് നിങ്ങൾ ടു-ഇൻ-വൺ ആക്കി. ഇത് വളരെ ഗുരുതരമായിട്ടുള്ള സാമൂഹ്യനീതി നിഷേധമായതുകൊണ്ട് ഞാൻ പട്ടികജാതിക്കാർക്കും മറ്റ് പിന്നോക്കക്കാർക്കുംവേണ്ടി പറയുകയാണ്, ഏത് നിയമഭേദഗതി വരുത്തിയിട്ടാണെങ്കിലും സർക്കാരിന്റെ ശമ്പളം വാങ്ങുന്ന എയ്ഡഡ് മേഖലയിലെ

അദ്ധ്യാപക/അനദ്ധ്യാപക നിയമനങ്ങളിൽ നിർബന്ധമായും സംവരണം പാലിക്കുന്നതിനു വേണ്ടിയുള്ള അടിയന്തര നടപടി സ്വീകരിക്കാൻ തയ്യാറാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. വി. എസ്. സുനിൽ കുമാർ ഇവിടെ പറഞ്ഞ എല്ലാകാര്യങ്ങളോടും എനിക്കു യോജിപ്പാണ്. പക്ഷേ അങ്ങ് പറയുന്നതുകേട്ടാൽ ഇതെല്ലാം ഈ ഗവൺമെന്റ് വന്നപ്പോഴുണ്ടായ സംഭവ വികാസമാണെന്നു തോന്നും. നിങ്ങൾ ഭരിച്ച അഞ്ചുവർഷവും ഇതൊക്കെത്തന്നെ യായിരുന്നു സ്ഥിതി. ഇപ്പോൾ അങ്ങ് ഒരു മുരളീധരന്റെ കാര്യം പറഞ്ഞല്ലോ; അങ്ങയുടെ പാർട്ടിയുടെ റവന്യൂ വകുപ്പുമന്ത്രിയുടെ സമയത്താണ് അഞ്ചു വർഷവും ശ്രീ. മുരളീധരന് ഈ അവഗണന നേരിടേണ്ടി വന്നത്. ഞങ്ങൾ അത് പരിഹരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇതുപോലുള്ള കാര്യങ്ങളിൽ പോരായ്മ തിരുത്തി മുന്നോട്ടുപോകണമെന്നുപറഞ്ഞാൽ മനസ്സിലാക്കാം. അങ്ങ് ഇവിടെ പറയുന്നതുകേട്ടാൽ തോന്നുന്നത് ഒരു പുതിയ സംഭവം ഉണ്ടായതുപോലെയാണ്. മിസ്റ്റർ വി. എസ്. സുനിൽകുമാർ, അഞ്ചുവർഷം നിങ്ങളുടെ ഗവൺമെന്റ് ഭരിച്ച കാലത്ത് അങ്ങേയ്ക്ക് ഈ സഭയിൽ എഴുന്നേറ്റുനിന്ന് ഒരു വാചകം പറയാൻ സാധിക്കാതെ പോയതെന്താണ്; അന്ന് ഈ ആവേശം

എവിടെപ്പോയിരുന്നു? പക്ഷേ ഞങ്ങൾ ഇത് തിരുത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഗവൺമെന്റാണ് പേയ്മെന്റ് നടത്തുന്നത്. അവിടെ സംവരണതത്വം വേണമെന്ന് പറയുന്നത് ന്യായമാണ്. കോടതി അതനുസരിച്ചൊരു വിധിയും തന്നിട്ടുണ്ട്. ഗവൺമെന്റ് അതിനുവേണ്ടി എല്ലാവരെയും വിളിച്ചു ചേർത്തു. പക്ഷേ മാനേജ്മെന്റ് അതിനോട് യോജിക്കുന്നില്ല. അപ്പോൾ നിയമ നടപടികളെക്കുറിച്ച് ആലോചിച്ചു. ഗവൺമെന്റിന് കിട്ടിയ നിയമോപദേശം ന്യൂനപക്ഷ സമുദായങ്ങളൊഴിച്ച് ബാക്കിയുള്ളവരുടെ സ്ഥാപനങ്ങളിൽ ഇത് നടപ്പിലാക്കാൻ സാധിക്കും. കേരളത്തിൽ ന്യൂനപക്ഷ സമുദായങ്ങളാണ് കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും മാനേജ് ചെയ്യുന്നത്. ഇവിടത്തെ ഭൂരിപക്ഷം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇല്ലാത്ത ഒരു പ്രിൻസിപ്പൽ, ഭൂരിപക്ഷ സമുദായങ്ങൾ നടത്തുന്ന കുറേ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാത്രം നടപ്പിലാക്കുന്നതിലെ അപാകതയും സാമാന്യതത്വം പാലിക്കുന്നില്ല എന്ന ആക്ഷേപം ഉയർന്നുവരുന്ന സാഹചര്യവും കണക്കിലെടുത്ത് ഞങ്ങൾ അതുമായി മുന്നോട്ടു പോയിട്ടില്ല. എന്നുകരുതി ഞങ്ങൾ വെറുതെയിരിക്കുകയല്ല ചെയ്തത്. കേരളത്തിൽ പട്ടികജാതി-പട്ടിക വർഗ്ഗക്കാരുടെ മാനേജ്മെന്റിൽ ഒരൊറ്റ കോളേജുപോലുമില്ല. ഞങ്ങൾ മൂന്ന് കോളേജുകൾ കൊടുത്തു. ഇനിയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നോ

മറ്റ് പിന്നോക്ക വിഭാഗങ്ങളിൽ നിന്നോ വിദ്യാഭ്യാസ സ്ഥാപനങ്ങളില്ലാത്ത സമുദായങ്ങളിൽ നിന്നോ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താൻ തയ്യാറായി മുന്നോട്ടു വന്നാൽ അവരുടെ അപേക്ഷ ഞങ്ങൾ പരിഗണിക്കും. യാതൊരു സംശയവുമില്ല.

ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട ഹൈക്കോടതി വിധി ന്യൂനപക്ഷ കോളേജുകളിൽ ബാധകമല്ല. ബാക്കിയുള്ള ഭൂരിപക്ഷ കോളേജുകളിലും ബാധകമാക്കാൻ കഴിയില്ലെന്നാണ് പറയുന്നത്. ഫലത്തിൽ കോടതി വിധി നടപ്പിലാക്കാൻ കഴിയില്ല എന്നല്ലേ അങ്ങിവിടെ പറഞ്ഞതിന്റെ അർത്ഥം?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഞങ്ങൾക്ക് കിട്ടിയ നിയമോപദേശം എല്ലാ വിധത്തിലും പരിശോധിച്ചു. ... മി. എ. കെ. ബാലൻ, നിങ്ങൾ അഞ്ചുകൊല്ലം ഭരിച്ചില്ലേ; നിങ്ങൾ എന്തു ചെയ്തു?

ശ്രീ. എ. കെ. ബാലൻ : സർ, ഇക്കാര്യത്തിൽ നിങ്ങളും ഞങ്ങളും ഒരുപോലെ കുറ്റക്കാരാണ്. എന്നാലിപ്പോൾ ഹൈക്കോടതി വിധിയുണ്ടായിട്ടുപോലും നിങ്ങൾ അത് പാലിക്കുന്നില്ല, അതാണ് ഞങ്ങൾ ഉന്നയിക്കുന്ന പ്രശ്നം.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, നിങ്ങൾ ഇന്നിപ്പോൾ ഒച്ച വച്ചിട്ട് കാര്യമില്ല. മി. എ. കെ. ബാലൻ, അതു കൊണ്ടൊന്നും നിങ്ങളുടെ തെറ്റ് മായ്ച്ചുകളയാൻ പറ്റില്ല. നിങ്ങൾക്ക് ഇപ്പോൾ എന്തും പറയാം. എന്നാൽ ഇതാണ് ഇപ്പോഴത്തെ സ്ഥിതി.

ഇവിടത്തെ മഹാഭൂരിപക്ഷം വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇല്ലാത്ത ഒരു പ്രിൻസിപ്പൽ ഒരു ചെറിയ വിഭാഗം വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാത്രം കൊണ്ടുവരുന്നത് ശരിയോ തെറ്റോ എന്നതാണ് ഇതിലെ പ്രശ്നം. അത് പരിഹരിക്കാൻ വേണ്ടിയാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. എന്നാൽ അതിന് പൂർണ്ണ പരിഹാരമാകുമെന്ന് ഞാൻ കരുതുന്നില്ല. പക്ഷെ, മറ്റൊരു അനീതി ഞങ്ങൾ തിരുത്തുകയാണ്. ഇങ്ങനെയുള്ള വിഭാഗങ്ങൾക്ക് ഞങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊടുക്കും. ഇതുവരെ മൂന്നെണ്ണം കൊടുത്തു കഴിഞ്ഞു. ഇനിയും ഞങ്ങൾ അതിനെക്കുറിച്ച് ആലോചിക്കും. യൂണിവേഴ്സിറ്റിയിലെ കാര്യം ഗവൺ മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് 19.9.2013-ൽ വ്യക്തമായിട്ടുള്ള ഡയറക്ഷൻ ഗവൺമെന്റ് കൊടുത്തിട്ടുള്ളത്. സർവ്വകലാ ശാലകളിലെ നിയമനങ്ങളിൽ സംവരണതത്വം അട്ടിമറിക്കുന്നു എന്നുള്ള പരാതി കിട്ടിയതിനെത്തുടർന്ന് കേരളത്തിലെ സർവ്വകലാശാലകളിലെ ഡിപ്പാർട്ടുമെന്റുകളെ ഒരു യൂണിറ്റായി കണക്കിലെടുത്ത് സംവരണതത്വം നടപ്പിലാക്കുന്നതിന് സർവ്വകലാശാല നിയമങ്ങളിൽ ഭേദഗതി വരുത്തിക്കഴിഞ്ഞിരിക്കുന്നു എന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇത്

യു.ഡി.എഫ്. നെ കുറ്റപ്പെടുത്താൻ വേണ്ടി അവതരിപ്പിച്ച ഒരു സബ്മിഷനല്ല. ഇത് കാലങ്ങളായി നടന്നുകൊണ്ടിരിക്കുന്ന ഒരു സംവരണ പ്രശ്നമാണ്. ഞാനിവിടെ അങ്ങ് പറഞ്ഞ ഒരു നിയമോപദേശത്തിനെക്കുറിച്ചുള്ള അഭിപ്രായ വ്യത്യാസം പറയുകയാണ്. അതായത്, ന്യൂനപക്ഷ സമുദായങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനത്തിലാണെങ്കിലും പട്ടികജാതി വിഭാഗങ്ങൾക്ക് സംവരണം നൽകുന്നതിൽ ഭരണഘടനാപരമായി യാതൊരു തെറ്റുമില്ല. രണ്ടാമത്തെ കാര്യം, യു.ജി.സി.യുടെ ഗൈഡ്ലൈൻ അനുസരിച്ച് ഗവൺമെന്റിന്റെ എയ്ഡ് വാങ്ങുന്ന എല്ലാ സ്കൂളുകളിലും കോളേജുകളിലും നിർബന്ധമായും പട്ടിക ജാതിക്കാർക്ക് സംവരണം കൊടുക്കണം. അതിനാൽ അങ്ങേയ്ക്ക് ലഭിച്ച നിയമോപദേശത്തെ പുന:പരിശോധിക്കാനും കൃത്യമായ കാര്യങ്ങൾ മനസ്സിലാക്കി നിയമ നിർമ്മാണം നടത്താനും തയ്യാറാകണം. ഇത് നമുക്ക് ഒരുമിച്ച് ചെയ്യാവുന്ന കാര്യങ്ങളാണ്. നിങ്ങളുടെ ഗവൺമെന്റിനെ കുറ്റപ്പെടുത്താൻ വേണ്ടി ഞാൻ കൊണ്ടുവന്ന സബ്മിഷനാണിതെന്ന് അങ്ങ് വ്യാഖ്യാനിക്കരുത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, ഇപ്പോൾ ശ്രീ. വി. എസ്. സുനിൽകുമാർ പറഞ്ഞത് വ്യക്തമാണ്. ഇതിന് എങ്ങനെ പരിഹാരമുണ്ടാക്കാമെന്ന് നമുക്കാലോചിക്കാം. ഇപ്പോൾ ഗവൺമെന്റിന് കിട്ടിയിരിക്കുന്ന നിയമോപദേശം ഇതാണ്. അങ്ങ് ഇവിടെ

പറഞ്ഞ സാഹചര്യത്തിൽ വീണ്ടും ഇതുസംബന്ധിച്ച നിയമോപദേശം തേടുമെന്ന് പറയാൻ ആഗ്രഹിക്കുന്നു.

## കർഷകർക്ക് പട്ടയം

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ ഈ സഭയിൽ ഉന്നയിക്കുന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇന്നിപ്പോൾ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്ന റബ്ബർ സബ്സിഡി 150 രൂപയാണ്. ഇതുകൊണ്ട് രണ്ടുവിധത്തിലാണ് അപകട മുണ്ടാകുന്നത്. പട്ടയമില്ലാത്ത കർഷകരെ സംബന്ധിച്ചിടത്തോളം അവർക്ക് റബ്ബർ ബോർഡ് രജിസ്ട്രേഷനില്ല, അവർക്ക് റബ്ബറിന് വിലയും ലഭിക്കുന്നില്ല. എന്റെ നിയോജക മണ്ഡലത്തിലുള്ള എയ്ഞ്ചൽ വാലി ഉൾപ്പെടെയുള്ള മേഖലയിലുള്ള കർഷകരുടെ വേദന അതിലും പ്രധാനപ്പെട്ടതാണ്. 1948-1949 -ലെ ഗ്രോ മോർ ഫുഡ് പദ്ധതി പ്രകാരം എരുമേലി പഞ്ചായത്തിലെ എയ്ഞ്ചൽ വാലി ഉൾപ്പെടെയുള്ള മേഖലയിൽ കർഷകരെ സർക്കാർ കുടിയിരുത്തിയതാണ്. 1956 -ൽ പമ്പാ വാലി മേഖലയിലെ ഭൂമി റവന്യൂ വകുപ്പിന് കൈമാറിയതായി ഫീൽഡ് ഡയറക്ടർ ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് കൊടുത്തതാണ്. കർഷകർക്ക് പട്ടയം ലഭിക്കണമെന്നുള്ള ആവശ്യത്തിന്മേൽ കേന്ദ്ര ഗവൺമെന്റ് മണിയങ്ങാടൻ കമ്മിറ്റിയെ നിയമിച്ചു. 1963-ൽ മണിയങ്ങാടൻ കമ്മിറ്റി പമ്പാ എയ്ഞ്ചൽ വാലി മേഖലയിൽ കുടിയൊഴിപ്പിക്കാൻ പാടില്ലെന്ന് നിർദ്ദേശിച്ചു. 1968 - ൽ മണിയങ്ങാടൻ കമ്മിറ്റി

റിപ്പോർട്ട് അംഗീകരിച്ച് കേന്ദ്ര ഗവൺമെന്റ് ഉത്തരവുണ്ടായി. 1970 -ൽ സർവ്വേ നടത്തി ജോയിന്റ് വെരിഫിക്കേഷൻ നടത്തി ജണ്ടയിട്ടുകയും കിടങ്ങുകൾ കുഴിച്ച് വനഭൂമി, കൃഷിഭൂമി എന്നിങ്ങനെ തിരിക്കുകയും ചെയ്തു. 1990-ൽ വീണ്ടും സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. 1980-ലെ വനനിയമത്തിന്റെ പരിധിയിൽ ഈ മേഖല വരുന്നില്ലെന്ന് 9.11.2010 -ൽ സി.സി.എഫ്. ന്റെ നോട്ടുണ്ട്. 29.2.2015-ൽ കോട്ടയം ജില്ലാകളക്ടറും ഈ ഭൂമി റവന്യൂ ഭൂമിയാണെന്നുള്ള റിപ്പോർട്ട് ഗവൺമെന്റിന് അയച്ചിട്ടുണ്ട്. 23.1.2015-ൽ നടന്ന മുഖ്യമന്ത്രിയുടെ കോൺഫറൻസിലും ഈ കാര്യം തീരുമാനിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഒരുത്തരവ് മാത്രമാണ് ഇനി ആവശ്യം. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന കോൺഫറൻസിൽ മുഖ്യമന്ത്രി വളരെ വ്യക്തമായി ഈ കാര്യത്തിൽ തീരമാനമെടുത്ത് പറയുകയും കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് 29.1.2015-ൽ കോട്ടയം ജില്ലാ കളക്ടർ ഇത് കൃഷി ഭൂമിയാണ്, വനഭൂമിയല്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അതിലും പ്രധാനപ്പെട്ട കാര്യം, അവിടെയുള്ള ആദിവാസികൾക്ക് പട്ടയം കൊടുക്കാൻ നടപടി സ്വീകരിക്കാമെന്ന് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ് കാലത്ത് അവിടെ വച്ചുനടന്ന കോൺഫറൻസിൽ ഞാനും കൂടി നിൽക്കുമ്പോൾ

ആദിവാസി സഭാ സമിതിക്ക് മുഖ്യമന്ത്രി ഉറപ്പ് കൊടുത്തതാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം, ആ ഭൂമി കേന്ദ്ര വനനിയമത്തിന്റെ പരിധിയിൽ വരുന്നതായതുകൊണ്ട് കേന്ദ്രത്തിന്റെ അംഗീകാരം വാങ്ങേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടികൾ ആയിട്ടില്ല. എയ്ഞ്ചൽ വാലി ഉൾപ്പെടെയുള്ള കർഷകരെ സംബന്ധിച്ചിടത്തോളം അവർ 2-3 ഏക്കർ ഭൂമി മാത്രമുള്ള ചെറുകിട റബ്ബർ കർഷകരാണ്. അവരെ സംബന്ധിച്ചിടത്തോളം വന്നിരിക്കുന്ന ബുദ്ധിമുട്ട്, റബ്ബറിന് 150 രൂപ കൊടുക്കുമെന്നുള്ള ഗവൺമെന്റ് പ്രഖ്യാപനം വന്നെങ്കിലും ആ പാവങ്ങൾക്ക് അത് കിട്ടില്ല. കാരണം അവർക്ക് പട്ടയമില്ല, റബ്ബർ ബോർഡ് രജിസ്ട്രേഷനില്ല. ഇങ്ങനെ എല്ലാവിധത്തിലും ഗതികെട്ട സാഹചര്യമുണ്ടായിരിക്കുകയാണ്. ജനുവരി മാസത്തിൽ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ കോൺഫറൻസിലെടുത്ത തീരുമാനം നടപ്പാക്കാൻ എത്രയും വേഗം ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി.സി. ജോർജ് പറഞ്ഞത് വളരെ ന്യായമായ കാര്യമാണ്. പമ്പാവാലി പ്രദേശത്തെ കർഷകർ പട്ടയം അർഹിക്കുന്നവരാണ്. അവർ ഭൂമി കയ്യേറിയവരല്ല. 1948-ൽ 'ഗ്രോ മോർ ഫുഡ്' പദ്ധതിപ്രകാരം ഭക്ഷ്യോത്പ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി

അവരെ അവിടെ താമസിപ്പിച്ചതാണ്. രാജ്യത്തിനുവേണ്ടി വലിയൊരു ദൗത്യം നിർവ്വഹിച്ചവരാണ്. അവർക്ക് പട്ടയം നൽകുന്നതിനുള്ള നിയമപരമായ തടസ്സങ്ങൾ മാറിയിട്ടുണ്ട്. എത്രയുംവേഗം അവർക്ക് പട്ടയം കൊടുക്കുന്നതാണ്. പട്ടയം കൊടുക്കാത്തതുകൊണ്ട് റബ്ബർ കർഷകർക്കുവേണ്ടി ഗവൺമെന്റ് ആവിഷ്കരിച്ച പദ്ധതിയുടെ പ്രയോജനം കിട്ടുന്നില്ലായെന്നുപറഞ്ഞു. ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ഇത്തവണത്തെ ബഡ്ജറ്റിൽ 300 കോടി രൂപയാണ് റബ്ബർ കർഷകർക്കുവേണ്ടി മാറ്റിവച്ചത്. കേരളത്തിന്റെ ചരിത്രത്തിൽ അത്തരമൊരു സ്കീം ഉണ്ടായിട്ടില്ല. ആ സ്കീം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. റബ്ബർ വിലയിടിഞ്ഞ് ബുദ്ധിമുട്ടുന്ന കർഷകർക്ക് ഒരാശ്വാസമാണ്. ഏറ്റവും നല്ല നിലയിൽ നടപ്പിലാക്കുന്ന സ്കീമിന്റെ പ്രയോജനം ഇങ്ങനെയുള്ള കർഷകർക്കും ലഭ്യമാക്കുന്നതിനുവേണ്ടി എന്താണ് ചെയ്യേണ്ടത് എന്നുള്ള കാര്യം പരിശോധിക്കും. കർഷകരെല്ലാം സ്വാഗതം ചെയ്തിട്ടുള്ള സ്കീമാണിത്. സാങ്കേതിക കാരണങ്ങളാൽ ഈ സ്കീമിന്റെ പ്രയോജനം കിട്ടാതെ പോകുന്നവർക്കുകൂടി കിട്ടണം എന്നുതന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അത് അവർക്ക് ലഭ്യമാക്കുന്നതിനുവേണ്ടി റബ്ബർ ബോർഡുമായി ആലോചിച്ച് അതിനൊരു പരിഹാരമുണ്ടാക്കാം.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, റബ്ബർ പോലെ പ്രധാനപ്പെട്ടതാണ് ഒട്ടുപാൽ,

ചണ്ടിപ്പാൽ എന്നിവ. ഷീറ്റ് മാത്രമല്ല പാലും കൊടുക്കുന്നുണ്ട്. അതിനുംകൂടി വില ഉറപ്പാക്കാൻ അങ്ങ് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, റബ്ബർ പാലിന് ഇപ്പോൾ നല്ല വിലയുണ്ട്. ഏതായാലും ഈ സ്കീം തുടങ്ങുന്ന സമയത്ത് റബ്ബർ പാലിന് നല്ല വിലയുണ്ടായിരുന്നു. സാധാരണ റബ്ബറിന് നല്ല വില കിട്ടിയതിനുശേഷം മറ്റുകാര്യങ്ങളെക്കുറിച്ച് ആലോചിക്കാം.

<u>മി. ചെയർമാൻ</u>: ശ്രീ. കെ. സുരേഷ് കുറുപ്പ്, ഇതേ വിഷയം സംബന്ധിച്ച് ശ്രീ. സണ്ണി ജോസഫും നോട്ടീസ് നൽകിയിട്ടുണ്ട്.

<u>ദളിത് ക്രിസ്ത്യൻ വിദ്യാർത്ഥികൾക്ക് ആനുകൂല്യം</u>

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u> നമ്മുടെ സമൂഹത്തിൽ എല്ലാ രീതിയിലും ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു വിഭാഗമാണ് ദളിത് ക്രൈസ്തവർ. ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സ്റ്റൈപ്പൻഡിന്റേയും ലംപ്സം ഗ്രാന്റിന്റേയും പേരിൽ ന്യൂനപക്ഷ വിദ്യാർത്ഥികൾ എന്ന നിലയിൽ അവർക്ക് ലഭിക്കാൻ അർഹതയുള്ള സ്കോളർഷിപ്പ് ഇപ്പോൾ നിഷേധിച്ചിരിക്കുകയാണ്. ലംപ്സം ഗ്രാന്റും സ്റ്റൈപ്പൻഡും ഗവൺമെന്റ് നൽകുന്ന ഗ്രാന്റാണ്. അത് ഗ്രാന്റായിത്തന്നെയാണ് കണക്കാക്കേണ്ടത്. അത് സ്കോളർഷിപ്പല്ല. അത് കിട്ടുന്നുവെന്നുള്ളതുകൊണ്ട് ഈ

പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ന്യൂനപക്ഷ സ്കോളർഷിപ്പ് നിഷേധിക്കുന്നത് ശരിയല്ല. സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകളിൽ അഡ്മിഷൻ ലഭിക്കുന്ന ഒ.ഇ.സി. വിദ്യാർത്ഥികൾ, ഫീസിളവടക്കം എസ്.സി. വിഭാഗത്തിന് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങൾക്കും അർഹരാണ്. അവർക്കും അത് ലഭിക്കാനുള്ള നടപടി ഗവൺമെന്റ് കൈക്കൊള്ളണം. അതുപോലെ പട്ടികജാതിക്കാരുടെ വായ്പാകുടിശ്ശിക എഴുതിത്തള്ളുന്ന പദ്ധതി ദളിത് ക്രൈസ്തവർക്കും ബാധകമാക്കണം. ഈ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് ദളിത് ക്രൈസ്തവ സംഘടന ഇന്ന് നിയമസഭാ മാർച്ച് നടത്തുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ഈ വിഷയത്തിലുണ്ടാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇന്നലെ ശ്രീ. സണ്ണി ജോസഫിന്റെ നേതൃത്വത്തിൽ ഒരു നിവേദക സംഘം എന്നെ കാണാൻ വരികയും ഞങ്ങൾ ഒരു കോൺഫറൻസുകൂടി ഇക്കാര്യങ്ങൾ ചർച്ച ചെയ്തിരുന്നു. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സുരേഷ് കുറുപ്പ് ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുള്ള കാര്യങ്ങളാണ്. ഒന്നാമതായി അവരുന്നയിച്ച പ്രശ്നം അവർക്ക് കിട്ടുന്ന ലംപ്സം ഗ്രാന്റ് കുടിശ്ശികയായിരിക്കുന്നുയെന്നുള്ളതാണ്. അതിന്റെ മുഴുവൻ തുകയും റിലീസ് ചെയ്തു. ഓൺലൈനായി കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

ഈ വർഷത്തേയും ലംപ്സം ഗ്രാന്റ് യഥാസമയം കൊടുക്കുന്നതിനുവേണ്ടിയുള്ള തീരുമാനമായിട്ടുണ്ട്. ഇത് കിട്ടുന്നതിന്റെപേരിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുന്നു എന്ന കാര്യം പറഞ്ഞു, അതിന് ഏത് വിധത്തിൽ പരിഹാരം ഉണ്ടാക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കാരണം അവർ ചൂണ്ടിക്കാണിച്ചിരിക്കുന്ന അപാകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇവർക്ക് കൊടുക്കുന്ന ലംപ്സം ഗ്രാന്റ് ന്യൂനപക്ഷങ്ങൾക്ക് കൊടുക്കുന്ന തുകയെക്കാൾ കുറവായതിനാൽ അത് തുല്യമാക്കണമെന്ന ആവശ്യം തികച്ചും ന്യായമാണ്. അതുകൊണ്ട് അത് തുല്യമാക്കുകയോ ന്യൂനപക്ഷങ്ങൾക്ക് കൊടുക്കുന്ന ആനുകൂല്യം ഇവർക്കുകൂടി ലഭ്യമാക്കുകയോ ഏതെങ്കിലുമൊന്ന് നിശ്ചയമായിട്ടും നടപ്പിലാക്കും. അതുപോലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഇവർക്കുകൂടി ബാധകമാക്കണം. ഉദാഹരണത്തിന് കഴിഞ്ഞവർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സൈക്കിൾ കൊടുത്തു- ഇവരുടെ കുട്ടികൾക്കും സൈക്കിൾ കൊടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യവും പരിശോധിച്ച് പോസിറ്റീവായ തീരുമാനമുണ്ടാക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത് എന്ന് വ്യക്തമാക്കാനാഗ്രഹിക്കുന്നു.

## കേരളാ ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ ഭേദഗതി

ശ്രീ. പുരുഷൻ കടലുണ്ടി: സർ, അക്കാദമിക് യോഗ്യതയുള്ള ഗോത്രവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് അവകാശ നിഷേധം, അല്ലെങ്കിൽ അപാകത പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ളതാണ് സബ്മിഷൻ. 2010-ലെ കേരളാ ഫോറസ്റ്റ് സർവ്വീസ് റൂൾ 4-ന് അനുബന്ധമായി ഷെഡ്യൂൾ 1-ലെ നോട്ടുപ്രകാരം എസ്.സി/എസ്.റ്റി. വിഭാഗം ഉദ്യോഗാർത്ഥികൾക്ക് ഉയരത്തിൽ 5 സെന്റീമീറ്റർ ഇളവ് അനുവദിച്ചിരുന്നു. എന്നാൽ 2014-ൽ ഷെഡ്യൂൾ ഭേദഗതി വരുത്തിയപ്പോൾ ഷെഡ്യൂൾ 1-ലെ നോട്ട് റൂൾസിന്റെ ഭാഗമാക്കാൻ വിട്ടുപോയി എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇത് നിമിത്തം പി.എസ്.സി. ഇന്റർവ്യൂവിൽനിന്നും ഉദ്യോഗാർത്ഥികളെ ഒഴിവാക്കുന്നു. ഗോത്രവർഗ്ഗ യുവതയ്ക്ക് നീതി ലഭിക്കാൻ സത്വര നടപടിയുണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന. ഇത് സാമൂഹ്യനീതി നിഷേധമാണ്. സംവരണതത്വം പാലിക്കാതെ അധഃസ്ഥിതനെ അധഃസ്ഥിതനാക്കി നിർത്തുന്ന നിഗൂഢമായ ശ്രമം ഇതിന്റെ പിന്നിലുണ്ടോയെന്നും പരിശോധിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, 2010-ലെ വിജ്ഞാപനപ്രകാരം പുതുക്കിയ

കേരളാ ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ ചട്ടം 4 അനുസരിച്ച് റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ നേരിട്ടുള്ള നിയമനംവഴി നികത്തുന്നതിനുള്ള ക്വാട്ടയിൽ പുരുഷന്മാർക്ക് 168 സെന്റീമീറ്റർ ഉയരവും 81 സെന്റീമീറ്റർ നെഞ്ചളവും സ്ത്രീകൾക്ക് 157 സെന്റീമീറ്റർ ഉയരവുമാണ് ശാരീരിക യോഗ്യതയായി നിശ്ചയിച്ചിരുന്നത്. പ്രസ്തുത നിയമത്തിലെ ചട്ടം 4-ൽ National Physical Efficiency One Star Standard Test Schedule 1 ആയി ചേർത്തിരിക്കുന്നു. ഷെഡ്യൂൾ 1- ലെ കുറിപ്പ് പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികൾക്ക് ഉയരത്തിൽ 5 സെന്റീമീറ്ററും നെഞ്ചളവിൽ 2.5 സെന്റീമീറ്ററും ഇളവ് അനുവദിച്ചിരുന്നു. ചില ഭേദഗതികൾ വരുത്തി സർക്കാർ ഉത്തരവ് പി.നമ്പർ 80/2014 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് പുരുഷന്മാർക്ക് 163 സെന്റീമീറ്റർ ഉയരവും 79 സെന്റീമീറ്റർ നെഞ്ചളവും സ്ത്രീകൾക്ക് 150 സെന്റീമീറ്റർ ഉയരവുമായി ശാരീരിക യോഗ്യത പുതുക്കി നിശ്ചയിച്ചിരുന്നു. ഇതിനോടൊപ്പം ചട്ടം 4 പ്രകാരമുള്ള ഷെഡ്യൂൾ 1 -ലെ National Physical Efficiency One Star Standard Test ഒഴിവാക്കിയിരുന്നു. 2010-നുമുമ്പ് ഉയരത്തിന്റെയും നെഞ്ചളവിന്റെയും കാര്യത്തിൽ നിയമനത്തിനുള്ള ഉയർന്ന പ്രായപരിധിയുടെയും കാര്യത്തിലുണ്ടായിരുന്ന മാനദണ്ഡങ്ങളാണ് 2014-ലെ

ഭേദഗതിവഴി കൊണ്ടുവന്നത്. 2010-നമുന്പുണ്ടായിരുന്ന ചട്ടങ്ങൾ പ്രകാരം ഉയരത്തിന്റേയും നെഞ്ചളവിന്റേയും കാര്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികൾക്ക് പൊതുമാനദണ്ഡത്തിൽനിന്നും ഒരിഞ്ച് കുറവ് നൽകിയിരുന്നു. 2014-ലെ ഭേദഗതിയിൽ ഇക്കാര്യം വിട്ടുപോയിട്ടുള്ളതാണ്. അത്തരത്തിൽ അപാകതയുണ്ട് എന്നുള്ളത് വീഴ്ചയായിക്കണ്ട് അത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>കുട്ടനാട്-എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോ</u>

<u>ശ്രീ. തോമസ് ചാണ്ടി</u>: സർ, അൻപത് വർഷം മുമ്പ് ഞാൻ വള്ളത്തിലും ബോട്ടിലുമായാണ് സ്കൂളിൽ പോയിരുന്നത്. കുട്ടനാട്ടിലെ ഗ്രാമഗ്രാമാന്തരങ്ങളിലുള്ള തോടുകളിൽ ബോട്ട് പോയിട്ട് വള്ളം പോലും പോകാൻ സാധിക്കാത്തൊരു അവസ്ഥയാണ് ഇന്നുള്ളത്. തലങ്ങും വിലങ്ങും റോഡുകളുണ്ടായി എന്നുള്ളത് നല്ല കാര്യം തന്നെയാണ്. റോഡിൽക്കൂടി വാഹനങ്ങൾക്ക് പോകാൻ സാധിച്ചില്ലെങ്കിൽ ജനങ്ങൾ എന്തുചെയ്യും? ഏകജാലകം കാരണം എടത്വായിലെ ഒരു കുട്ടിക്ക് രാമങ്കരയിലും, രാമങ്കരിയിലെ ഒരു കുട്ടിക്ക് കൈനകരിയിലും, കൈനകരിയിലെ ഒരു കുട്ടിക്ക് പുല്ലങ്കാട്ടിലാണ് അഡ്മിഷൻ കിട്ടുന്നത്. എങ്ങനെയാണ് കുട്ടികൾ സ്കൂളിൽ പോയി പഠിക്കുന്നത്? പഠിക്കണമെങ്കിൽ ഗതാഗതവകുപ്പിന് കനിവുണ്ടാകണം.

ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഗതാഗതവകുപ്പ് മന്ത്രിയായിരുന്ന കാലത്ത് ഞാൻ 40 ലക്ഷം രൂപ കൊടുത്ത് എടത്വാ ഡിപ്പോയിൽ ഒരു കെട്ടിടം നിർമ്മിച്ചുകൊടുത്തു. എന്നിട്ടും അവിടെ ട്രാൻസ്പോർട്ട് ബസ്സില്ല. ആ ഡിപ്പോയിൽ അടിയന്തരമായി മൂന്ന് ബസ്സുകൾ അനുവദിക്കണം. അവിടെ കർഷകരും കർഷകത്തൊഴിലാളികളും പാവങ്ങളും തിങ്ങിപ്പാർക്കുന്നൊരു ഗ്രാമപ്രദേശമാണ്. അവിടെ വണ്ടികൾ കുറവാണ്. എല്ലായിടത്തും ട്രാൻസ്പോർട്ട് ഇല്ല. ഒന്നുകിൽ നിങ്ങൾ ആ ഡിപ്പോയിൽ ട്രാൻസ്പോർട്ട് ബസ് അനുവദിച്ചുനൽകണം അല്ലെങ്കിൽ പ്രൈവറ്റ് ബസ്സുടമകൾക്ക് ബസ് ഓടിക്കാൻ അനുമതി നൽകണം. ഈ രണ്ടുകാര്യങ്ങളിൽ ഏതെങ്കിലുമൊന്നിൽ നടപടി സ്വീകരിക്കണം. ഓട്ടോറിക്ഷയ്ക്കുപോലും പോകാൻ പറ്റാത്ത രീതിയിലാണ് വാട്ടർ അതോറിറ്റികാർ പൈപ്പിടാനായി റോഡ് വെട്ടിപ്പൊളിച്ചിട്ടിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് വെട്ടിപ്പൊളിച്ച റോഡുകൾ മൂടാത്തതുകാരണം നാട്ടുകാർക്ക് യാത്രാസൗകര്യമില്ല. ഞാൻ അടുത്ത വെള്ളിയാഴ്ച സഭയിൽ ഹാജരാകാതെ അവിടത്തെ റോഡിൽപോയി കുത്തിയിരിക്കാൻ പോകുകയാണ്. വാട്ടർ അതോറിറ്റിയുടെ പൈപ്പ് കണക്ഷൻ മാത്രമല്ല പമ്പയാറ്റിൽനിന്നും വെള്ളമെടുത്ത് ആലപ്പുഴ UIDSSMT-ൽ കൊണ്ടുപോകുന്നതും എന്റെ നെഞ്ചിൽക്കൂടെയാണ്. നിങ്ങൾ വെള്ളംകൊണ്ടുപോകുന്നതിൽ എനിക്ക്

വിരോധമില്ല. വെട്ടിപ്പൊളിച്ചിട്ടിരിക്കുന്ന റോഡുകൾ മൂടാൻ ബഹുമാനപ്പെട്ട വി. കെ. ഇബ്രാഹിം കുഞ്ഞ് ദയ കാണിക്കണം. അല്ലെങ്കിൽ അവിടെ ജീവിക്കാൻ സാധിക്കാതെവരും. അതുകൊണ്ട് അടിയന്തരമായി എടത്വ ഡിപ്പോയിൽ മൂന്നുബസ്സുകൾ അനുവദിക്കുകയും ബസ്സില്ലാത്ത പ്രദേശങ്ങളിൽ ബസ് അനുവദിക്കുകയോ അല്ലെങ്കിൽ പ്രൈവറ്റുകാർക്ക് ആ ഡിപ്പോയിൽ ബസ്സിടാൻ അനുമതി കൊടുക്കുകയോ ചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥന.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങയുടെ പ്രൊപ്പോസലിനോട് ഞാൻ പോസിറ്റീവായി പ്രതികരിക്കും. അങ്ങയെപോലുള്ള ബഹുമാന്യനായ ഒരംഗം റോഡിന്റെ നടക്കുപോയി കിടക്കരുത് എന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം. അങ്ങ് ആ ഡിപ്പോക്കായി മൂന്ന് ബസ് അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടത്. നേരത്തെ ആ ഡിപ്പോയിൽ പേപ്പർ ഷെഡ്യൂളായി കുറേ ഷെഡ്യൂളുകളുണ്ടായിരുന്നു. അത് യാത്രക്കാരില്ലാത്തതിനാലും സർക്കാരിന് സാമ്പത്തികമായി പിടിച്ചുനിൽക്കാൻ സാധിക്കാത്തതുകൊണ്ടും നിർത്തിയ ഷെഡ്യൂളാണെങ്കിൽ അങ്ങ് നിർബന്ധിക്കില്ലെന്ന് എനിക്കറിയാം. ഇപ്പോൾ ലൈവായുള്ള ഷെഡ്യൂൾ നടത്തിക്കൊണ്ടുപോകുന്നതിന് എന്ത് അപാകതയാണുള്ളതെന്ന് അങ്ങും ഞാനും

ഉദ്യോഗസ്ഥരേയുംകൂടി വിളിച്ച് പേഴ്സണലായി ചർച്ച നടത്തി ഈ പ്രശ്നത്തിന് പോസിറ്റീവായൊരു പരിഹാരം കണ്ടെത്തുകയും ചെയ്യാം.

കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ

ശ്രീ. സി. കെ. സദാശിവൻ: സർ, കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിലെ കെട്ടിട സമുച്ചയം അപകടഭീഷണി ഉയർത്തുന്നതും 50 വർഷത്തിലേറെ പഴക്കമുള്ളതുമാണ്. ഈ കെട്ടിട സമുച്ചയത്തിൽ പ്രവർത്തിക്കുന്ന പ്രധാന ഓഫീസ്, ക്യാന്റീൻ, സെക്യൂരിറ്റി റൂം, വിശ്രമമുറി എന്നിവ ഏത് നിമിഷവും നിലം പൊത്താവുന്നൊരു അവസ്ഥയിലാണ്. ദേശീയപാതയുടെ ഓരത്തായി കായംകുളം പട്ടണത്തിന്റെ ഹൃദയഭാഗത്ത് നാലര ഏക്കർ സ്ഥലത്താണ് പ്രസ്തുത ഡിപ്പോ പ്രവർത്തിക്കുന്നത്. ഏത് നിമിഷവും ഈ മതിൽ ഇടിഞ്ഞുവീഴാവുന്നൊരു അവസ്ഥയിലായതിനാൽ ഇത് ജീവനക്കാർക്കും വഴിയാത്രക്കാർക്കും ഭീഷണിയായി തീർന്നിരിക്കുകയാണ്. 10-03-2012-ൽ അന്ന് ഗതാഗത വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. എസ്. ശിവകുമാർ കായംകുളം ഡിപ്പോയിൽ പുതിയ ബസ് ടെർമിനലും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുമെന്ന് ആലപ്പുഴ കളക്ടറേറ്റിലെ ഒരു കോൺഫറൻസിൽ പ്രഖ്യാപിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഗതാഗത വകുപ്പുമന്ത്രിയായിരുന്ന സമയത്തും കായംകുളം ബസ് സ്റ്റേഷനിൽ

ആയിരക്കണക്കിനാളുകൾ പങ്കെടുത്തൊരു യോഗത്തിൽ കായംകുളം ഡിപ്പോയിൽ പുതിയ ബസ് ടെർമിനലും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. പക്ഷെ അവിടെ ഒന്നും നടന്നില്ല. പ്രഖ്യാപനങ്ങൾ ആവർത്തിക്കാതെ പുതിയ ബസ് ടെർമിനലും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. മാത്രമല്ല, വല്ലാത്ത യാത്രാക്ലേശമാണ് ആ ബസ് സ്റ്റേഷനിൽ യാത്രക്കാർ നേരിട്ടുകൊണ്ടിരിക്കുന്നത്. 2011 മെയ് മാസത്തിൽ മൂന്ന് സൂപ്പർ ഫാസ്റ്റ് ബസ്സുകൾ, 18 ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ, 57 ഓർഡിനറി ബസ്സുകൾ എന്നിങ്ങനെ മൊത്തം 78 ഷെഡ്യൂളുകൾ അവിടെനിന്നും ഓപ്പറേറ്റ് ചെയ്യുകയുണ്ടായി. എന്നാൽ ഇപ്പോൾ 50 ഷെഡ്യൂളുകളായി വെട്ടിക്കുറച്ചിരിക്കുന്നു. പ്രതിദിനം 29 ഷെഡ്യൂളുകളാണ് വെട്ടിക്കുറക്കുന്നത്. മുന്നറിയിപ്പില്ലാതെ ഷെഡ്യൂൾ വെട്ടികുറയ്ക്കുന്നതിന്റെ ഫലമായി രാത്രികാലങ്ങളിൽ യാത്രക്കാർ ബസ്സ് സ്റ്റേഷനിൽ ബുദ്ധിമുട്ടനുഭവിക്കുകയാണ്. വലിയ യാത്രാക്ലേശമാണ് ജനങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നത്. റദ്ദാക്കിയ ഷെഡ്യൂളുകൾ പുന:സ്ഥാപിക്കണം. നാലരയേക്കർ സ്ഥലമുള്ള കായംകുളം ഡിപ്പോയിൽ പുതിയ ബസ് ടെർമിനലും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കണം. ഇല്ലെങ്കിൽ അവിടത്തെ കെട്ടിടസമുച്ചയമെങ്കിലും പുതുക്കി

നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കണം. പുതിയ ബസ് ടെർമിനൽ കായംകുളം ബസ് ഡിപ്പോയിൽ പ്രഖ്യാപിക്കുകയുണ്ടായെങ്കിലും അതിന്റെ നിർമ്മാണം നടക്കുന്നത് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ സ്ഥലമായ ഹരിപ്പാടാണ്. അക്കാര്യത്തിൽ എനിക്ക് വലിയ സന്തോഷമുണ്ട്. ഇക്കാര്യം കണക്കിലെടുത്തുകൊണ്ട് കായംകുളത്തെക്കൂടി പരിഗണിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, മേൽക്കൂര ഷീറ്റിട്ട് ചോർച്ച പരിഹരിക്കുന്നതിനും മറ്റ് അനുബന്ധ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ക്യാന്റീനും മറ്റ് അനുബന്ധ ഓഫീസുകളും പ്രവർത്തിക്കുന്ന കെട്ടിട സമുച്ചയം പുതുക്കിപ്പണിയുന്നതിന് 15 ലക്ഷം രൂപയുടെ ടെണ്ടറും നൽകിയിട്ടുണ്ട്. മറ്റൊന്ന്, 78 ഷെഡ്യൂളുകൾ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി. അനുവാദം കൊടുത്തിട്ടുണ്ടെങ്കിലും ഇപ്പോൾ 66 ഷെഡ്യൂൾ മാത്രമേ അവിടെയുള്ളൂ. കെ.എസ്.ആർ.ടി.സി.ക്ക് സാമ്പത്തികമായി ക്ലേശമുണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട അംഗത്തിന് അറിയായവുന്നതാണ്. അങ്ങ് ട്രേഡ് യൂണിയന് നല്ല നേതൃത്വം കൊടുക്കുന്നൊരു ആളും കൂടിയാണ്. അങ്ങനെയുള്ള പോരായ്മ ഉണ്ടെങ്കിലും പുരാതനകാലം മുതലുള്ള ഷെഡ്യൂളുകളെ ഒഴിവാക്കി ലൈവായിട്ടുള്ള ഷെഡ്യൂളുകളിൽ

അങ്ങേയ്ക്ക് അത്യാവശ്യമുള്ളത് ഏതാണെന്ന് സൂചിപ്പിച്ചാൽ അങ്ങുമായി ഡിസ്കസ് ചെയ്യാൻ ഉദ്യോഗസ്ഥർക്ക് ഞാൻ നിർദ്ദേശം കൊടുക്കുന്നതാണ്. അക്കാര്യം ഗൗരവമായി പരിഗണിക്കാവുന്നതാണ്. അങ്ങ് എഴുതിത്തന്ന സബ്മിഷൻ ലിസ്റ്റിനകത്ത് ബസ് ടെർമിനലിന്റെ കാര്യം പറയാത്തതുകൊണ്ട് ഞാൻ അതിന്റെ ബാക്ഗ്രൗണ്ട് എടുത്തില്ല. ഒരു കാര്യം ഞാൻ ഉറപ്പായി പറയുന്നു, കായംകുളം വളരെ പ്രധാനപ്പെട്ട ഒരു സ്ഥലമാണ്. നമ്മുടെ സ്ഥലം നാഷണൽ ഹൈവേയുടെ സൈഡിലാണ്. അത് എങ്ങനെ ഗുണപ്രദമായി വിനിയോഗിക്കാമെന്നുള്ളതിനെക്കുറിച്ച് ആലോചിച്ച് അതിന്റെ ബാക്ഗ്രൗണ്ട് എന്താണെന്നുള്ളതുകൂടി പരിശോധിച്ചതിനുശേഷം അങ്ങേയ്ക്ക് ഞാൻ മറുപടി നൽകാം.

## ആരാധനാലയങ്ങൾ നിർമ്മിക്കുവാൻ നടപടി

ശ്രീ. എ. റ്റി. ജോർജ്: സർ, മതസൗഹാർദ്ദത്തിന് പേരുകേട്ടൊരു സംസ്ഥാനമാണ് നമ്മുടെ സംസ്ഥാനം. ഇവിടെ വ്യത്യസ്ത മതക്കാർ ഒരുമിച്ച് ജീവിക്കുന്നു. ഇന്ത്യയിലെന്നപോലെ എല്ലാ വ്യക്തികൾക്കും വ്യക്തമായ മതം സ്വീകരിക്കുന്നതിനും ആരാധന നടത്തുന്നതിനും ആരാധനാലയങ്ങൾ പണിയുന്നതിനുമൊക്കെയുള്ള അവകാശമുണ്ട്. നമ്മുടെ സംസ്ഥാനത്ത് പലപ്പോഴും

പഞ്ചായത്തിന്റെയും ആഭ്യന്തര വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയുമൊക്കെ അനുവാദം ലഭിച്ച് ഒരു ആരാധനാലയം നിർമ്മിക്കുന്നതിനുവേണ്ടി കാത്തിരിക്കുന്ന ന്യൂനപക്ഷ മതവിശ്വാസികൾ ഇന്ന് ഏറെ ഉത്കണ്ഠാകുലരാണ്. അവർ ഒരു ആരാധനാലയം നിർമ്മിക്കുന്നതിന് നിയമപരമായി അപേക്ഷ കൊടുത്താലും അത് നിഷേധിക്കപ്പെടുന്ന സാഹചര്യമാണുള്ളത്. എന്റെ നിയോജകമണ്ഡലമായ പാറശ്ശാലയിൽ ഒരു ആരാധനാലയം പുതുക്കിപ്പണിയുന്നതിനുവേണ്ടി അപേക്ഷ നൽകിയപ്പോൾ  പഞ്ചായത്തിന്റെയും ആഭ്യന്തര വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും സമീപവാസികളുടെയുമൊക്കെ അനുവാദം ലഭിച്ചതിനുശേഷം തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലാകളക്ടറുടെ അനുവാദം വാങ്ങണമെന്ന് പോലീസ് ഇന്റലിജൻസ് വകുപ്പ് ഒരു നിർദ്ദേശം നൽകിയിരിക്കുന്നു. കേരളത്തിൽ ഒരു ആരാധനാലയം പണിയുന്നതിന് തമിഴ്നാട് സംസ്ഥാനത്തെ കളക്ടറുടെ അനുവാദം വാങ്ങുക എന്നുപറയുന്നത് വളരെയേറെ കഷ്ടമായൊരു കാര്യമാണ്. അതുകൊണ്ട്  ന്യൂനപക്ഷങ്ങളുൾപ്പെടെയുള്ള നമ്മുടെ സംസ്ഥാനത്തിന്റെ മതസൗഹാർദ്ദം നിലനിർത്തുന്നതിന് ഇത്തരത്തിലുള്ള അപേക്ഷകൾ വരുമ്പോൾ ചില മുടന്തൻ ന്യായങ്ങൾ പറഞ്ഞ് ഈ അപേക്ഷകൾ തള്ളുന്നത് ഏറെ ഖേദകരമാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും ഈ വിഷയത്തിലിടപെട്ട്

അവരുടെ ന്യായമായ അവകാശം സംരക്ഷിക്കുന്നതിന് നടപടിയുണ്ടാകണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ആരാധനാലയങ്ങൾ നിർമ്മിക്കാൻ അനുമതിക്കായുള്ള അപേക്ഷ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ - കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവ മുഖാന്തിരം ജില്ലാ കളക്ടർക്ക് സമർപ്പിക്കുമ്പോൾ സർക്കാർ ഉത്തരവ് നം. 217/2005/ഹോം. തീയതി 25.07.2005- 'Manual of Guidelines to Prevent and Control Communal Disturbances and to Promote Communal Harmony, 2005' പ്രകാരം ജില്ലാകളക്ടർ അന്തിമ ഉത്തരവ് നൽകുകയാണ് ചെയ്യുന്നത്. പ്രസ്തുത നിയമമനുസരിച്ച് പുതിയതായി ഒരു ആരാധനാലയം നിർമ്മിക്കുന്നതിനും നിലവിൽ ജില്ലാ കളക്ടറുടെ അനുമതി ലഭ്യമായ ആരാധനാലയത്തിന് മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കൽ നടത്തുകയോ പുതിയ നിർമ്മാണം നടത്തുകയോ ചെയ്യുന്നതിനും ജില്ലാകളക്ടറുടെ അനുമതി ആവശ്യമാണ്. ആരാധനാലയത്തിന്റെ അനുമതിക്കായി ലഭിക്കുന്ന അപേക്ഷയോടൊപ്പം പ്രസ്തുത ആരാധനാലയം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ കരമടച്ച രസീതും ആധാരത്തിന്റെ പകർപ്പും കൈവശാവകാശ സർട്ടിഫിക്കറ്റും ആരാധനാലയത്തിന്റെ സ്കെച്ചിന്റെ പകർപ്പും തദ്ദേശ സ്വയംഭരണ

സ്ഥാപനത്തിൽ നൽകുന്ന അപേക്ഷയുടെ പകർപ്പും സമർപ്പിക്കേണ്ടതാണ്. ഇങ്ങനെ സമർപ്പിക്കുന്ന അപേക്ഷ റവന്യൂ ഡിവിഷണൽ ഓഫീസറും ജില്ലാ പോലീസ് മേധാവിയും യഥാക്രമം ഭൂമിയിന്മേലുള്ള അവകാശം, പരിസരവാസികളുടെ സമ്മതം, മറ്റ് ക്രമസമാധാന പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയ ശേഷമാണ് ആരാധനാലയത്തിന് അനുമതി നൽകുന്നത്. ഇത്തരത്തിൽ ലഭിക്കുന്ന റിപ്പോർട്ടുകൾക്കനുസൃതമായി ആവശ്യമെങ്കിൽ ഹിയറിംഗ് നടത്തിയും ജില്ലാ കളക്ടർ അനുമതി നൽകിവരുന്നുണ്ട്. വർഗ്ഗീയ സംഘർഷങ്ങൾ തടയുക, നിലവിലുള്ള ഗതാഗത സൗകര്യങ്ങൾ തടസ്സപ്പെടുത്താതിരിക്കുക, ഭാവിയിലുണ്ടാകാവുന്ന റോഡ് വികസനം പോലുള്ള പദ്ധതികൾക്ക് തടസ്സം വരാതിരിക്കുക, സമീപവാസികൾക്കോ സമീപത്തുള്ള സ്ഥാപനങ്ങൾക്കോ ഏതെങ്കിലും രീതിയിലുള്ള തടസ്സമുണ്ടാകാതിരിക്കുക എന്നീ ഉദ്ദേശ്യങ്ങൾ പ്രാവർത്തികമാക്കാൻവേണ്ടിയാണ് പുതിയതായി ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനോ നിലവിലുള്ളവ പുനരുദ്ധരിക്കുന്നതിനോ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. അല്ലാതെ ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിന് മറ്റ് കർശന നിയന്ത്രണങ്ങൾ ഒന്നുംതന്നെ നിലവിലില്ല. ഇതുസംബന്ധിച്ച് ഏതെങ്കിലും പരാതി ലഭിക്കുകയാണെങ്കിൽ ആയത് പരിശോധിച്ച് രമ്യമായ പരിഹാരം

കാണുന്നതാണ്. ബോധപൂർവമായി ആരാധനാലയങ്ങളുടെ നിർമ്മിതി നിഷേധിക്കുന്ന സംഭവങ്ങളുണ്ടായിട്ടില്ല. ആരാധനാസ്വതന്ത്ര്യം എല്ലാവർക്കും ഉണ്ടാകണമെന്നതന്നെയാണ് ഈ ഗവൺമെന്റിന്റെ നിലപാട്. അതുകൊണ്ട് ഇക്കാര്യത്തിൽ വളരെ അനുകൂലമായ തീരുമാനങ്ങൾമാത്രമെ എപ്പോഴും ഉണ്ടാവുകയുള്ളൂ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആരാധനാലയത്തിന്റെ ഇഷ്യൂ സംബന്ധിച്ച് ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്, അത് പരിഹരിക്കുന്നതാണ്. ജി.ഒ.(പി) . നം. 217/2005/ഹോം, സംസ്ഥാനത്ത് ആരാധനാലയങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ച് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഇറക്കിയ ഒരു ഗവൺമെന്റ് ഉത്തരവാണ്. ആ ഉത്തരവുപ്രകാരം മാത്രമേ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ആരാധനാലയങ്ങളെ സംബന്ധിച്ച് പല സ്ഥലത്തും തർക്കങ്ങൾ നിലവിലുണ്ട്. ആരാധനാലയം നിർമ്മിക്കുന്ന സ്ഥലം തമിഴ്നാട് അതിർത്തിയിലായതിനാലാണ് തമിഴ്നാട് കളക്ടറോട് അഭിപ്രായം ചോദിച്ചത്. 50000 സ്ക്വയർ ഫീറ്റുള്ള ഒരു സ്ഥാപനം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ തദ്ദേശവാസികളുടെ പരാതിയെത്തുടർന്നാണ് പ്രശ്നമുണ്ടായത്.

ഏതായാലും ചർച്ചകളിലൂടെ ഉടൻതന്നെ ഇതിന് പരിഹാരം കാണുന്നതാണ്.

**<u>കാൽനട യാത്രക്കാരുടെ സുരക്ഷ</u>**

<u>ശ്രീ. ലൂഡി ലൂയിസ്</u>: സർ, കാൽനട യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്ന രീതിയിൽ റോഡ് വികസന പ്രവർത്തനങ്ങളും ഗതാഗത പരിഷ്കാരങ്ങളും ഫുട്പാത്ത് നവീകരണവും നടത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. റോഡ് നിർമ്മാണത്തിൽ വലിയ മുന്നേറ്റങ്ങൾ നമുക്ക് സൃഷ്ടിക്കാൻ കഴിഞ്ഞുവെങ്കിലും കാൽനടക്കാരുടെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകുന്ന റോഡ് വികസനത്തിന് ഇനിയും നാം കൂടുതൽ ശ്രദ്ധ നൽകേണ്ടിയിരിക്കുന്നു. ഇന്ന് റോഡ് അപകടങ്ങളിൽപ്പെടുന്നവരിൽ 40 ശതമാനത്തോളം ആളുകൾ കാൽനട യാത്രക്കാരാണെന്ന് കണക്കാക്കപ്പെടുന്നു. ഇവരിൽ വലിയ പങ്ക് കുട്ടികളും സ്ത്രീകളുമാണ്. ഫുട്പാത്തുകളുടെ അപര്യാപ്തതയും ശോചനീയാവസ്ഥയും, തിരക്കുള്ള കവലകളിൽ മേൽനടപ്പാതകളും അടിപ്പാതകളുമില്ലാത്തതും, നടപ്പാതകൾക്ക് കൈവരികളില്ലാത്തതും, ആവശ്യത്തിന് സീബ്രാ ലൈനുകളും മുന്നറിയിപ്പ് ബോർഡുകളുമില്ലാത്തതും, ഫുട്പാത്തുകളിൽ പരസ്യബോർഡുകൾ സ്ഥാപിക്കുന്നതും, ഫുട്പാത്തിൽ കച്ചവടം നടത്തുന്നതും, അലക്ഷ്യമായി കേബിളുകൾ തുടങ്ങിയവ വലിക്കുന്നതുമുൾപ്പെടെയുള്ള കാര്യങ്ങൾ കാൽനടക്കാരുടെ സഞ്ചാരം

ദുരിതപൂർണ്ണമാക്കുന്നു. മഴ ആരംഭിച്ചതോടെ വഴിയിൽ കെട്ടിക്കിടക്കുന്ന മലിനജലത്തിലൂടെയുള്ള കാൽനടയാത്ര ആയാസകരമായിരിക്കുന്നു. കേരളത്തിൽ കാൽനടയാത്രക്കാർക്ക് ഏറ്റവും സുരക്ഷിതമല്ലാത്ത സ്ഥലം കൊച്ചിയാണെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. പൊട്ടിപ്പൊളിഞ്ഞ സ്ലാബുകളും ഫുട്പാത്തുകൾ കച്ചവടത്തിനും പാർക്കിംഗിനുംവേണ്ടി കയ്യേറുന്നതും കാൽനടയാത്ര കഠിനമാക്കുന്നു. മികച്ച ഫുട്പാത്ത് രൂപകൽപ്പനയിലൂടെ മാത്രമേ ഇന്ന് കാൽനടയാത്രക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ ഒരു പരിധിവരെയെങ്കിലും കുറയ്ക്കാൻ സാധിക്കുകയുള്ളൂ. റോഡ് വികസനം ആസൂത്രണം ചെയ്യുമ്പോൾ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ലഭ്യമായ പാർക്കിംഗിനും വഴിയോര കച്ചവടത്തിനുമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികളും അതോടൊപ്പം ഫുട്പാത്ത് നല്ല രീതിയിൽ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): സർ, ദേശീയ പാത വികസന പദ്ധതികളിലും കെ.എസ്.ടി.പി.യുടെ റോഡ് വികസന പദ്ധതികളിലും കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നടപ്പാക്കുന്ന നഗര റോഡ് വികസന പദ്ധതികളിലും കാൽനട യാത്രക്കാരുടെ സുരക്ഷയ്ക്ക് മുന്തിയ

പരിഗണനയാണ് നൽകിയിട്ടുള്ളത്. സംസ്ഥാനത്തെ പ്രധാന റോഡുകളിലെല്ലാം കാൽനടയാത്രക്കാരുടെ സുരക്ഷയ്ക്കായി വിവിധ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാതകൾ, ഗാർഡ് റെയിലുകൾ, സിഗ്നലുകൾ, പെഡസ്ട്രിയൻ ക്രോസിംഗ്, മാർക്കിംഗുകൾ, സ്റ്റോപ്പ് ലൈനുകൾ, ഹമ്പുകൾ, സൈൻ ബോർഡുകൾ എന്നിവ സ്ഥാപിച്ചുവരുന്നുണ്ട്. കൂടാതെ ആവശ്യമായ സ്ഥലങ്ങളിൽ അടിപ്പാതകൾ, മേൽപ്പാലങ്ങൾ, സംരക്ഷണ ഭിത്തികൾ എന്നിവയും നിർമ്മിച്ചുവരുന്നു. റോഡുകളിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ, റോഡ് കയ്യേറ്റങ്ങൾ, ഫുട്പാത്ത് കയ്യേറിയുള്ള വഴിയോര കച്ചവടങ്ങൾ എന്നിവ ഒഴിപ്പിക്കുന്നതിന് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റോഡിന്റെ ഇരുവശങ്ങളിലുമുള്ള അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റുന്നതിനും എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ചതുപോലെ റോഡിൽ കാൽനട യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി കേന്ദ്ര ഗതാഗത മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള എല്ലാ സുരക്ഷാക്രമീകരണങ്ങളും ഏർപ്പെടുത്തുന്നതിന് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## നീലേശ്വരം-പള്ളിക്കര റെയിൽവേ ഓവർ ബ്രിഡ്ജ്

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിയിലൂടെ കടന്നുപോകുന്ന നാഷണൽ ഹൈവേ 66-ൽ പള്ളിക്കര റെയിൽവേ ഗേറ്റിൽ ഓവർ ബ്രിഡ്ജ് പണിയണമെന്ന അഭ്യർത്ഥനയാണ് ഈ സബ്മിഷനിൽക്കൂടി ഉന്നയിക്കുന്നത്. നാഷണൽ ഹൈവേ 66-ൽ പൻവേൽ മുതൽ കന്യാകുമാരി വരെയുള്ള ഈ പാതയിൽ ആർ.ഒ.ബി. ഇല്ലാത്ത ഏക റെയിൽവേ ഗേറ്റാണ് പള്ളിക്കര റെയിൽവേ ഗേറ്റ്. മണിക്കൂറുകളോളം ഗേറ്റ് അടച്ചിടുന്നതുമൂലം രണ്ടുഭാഗത്തും വാഹന ഗതാഗതം തടസപ്പെടുകയും വാഹനങ്ങൾ വരിയായി നിൽക്കുകയും ചെയ്യുന്നതിന്റെ ഫലമായി യാത്രക്കാർക്ക് നടന്നു പോകാൻ പറ്റാത്ത രീതിയിൽ തടസപ്പെട്ടിരിക്കുകയാണ്. രണ്ട് സൈഡിലും നെൽവയലുകളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ കാസർഗോഡ് ജില്ലയിൽ സമയബന്ധിതമായി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച പത്തിനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ഈ മേൽപ്പാലം. മാസങ്ങൾ കഴിഞ്ഞിട്ടും ഇക്കാര്യത്തിൽ യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല. ഈ വിഷയം ശ്രീ. പി. കരുണാകരൻ എം.പി. കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കേന്ദ്ര റയിൽവേ മന്ത്രിയുടെ മറുപടിയിൽ സംസ്ഥാന ഗവൺമെന്റാണ് ഈ പാലം നിർമ്മിക്കേണ്ടതെന്നാണ്

പറയുന്നത്. രണ്ട് സൈഡിലെയും പാലം നിർമ്മിക്കാനായി സംസ്ഥാന ഗവൺമെന്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചാൽ സാമ്പത്തിക സഹായം നൽകുമെന്ന് കേന്ദ്രം പറയുന്നുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നാണ് റെയിൽവേയുടെ മറുപടിയിൽ കാണുന്നത്. അടിയന്തരമായി പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഇടപെട്ട് രണ്ട് സൈഡിലെയും റോഡുകൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. നമ്മുടെ സംസ്ഥാനത്ത് ദേശീയ പാതയിൽ ഈ ഒരു പാലം മാത്രമാണ് നിർമ്മിക്കാനുള്ളത്. അത് അടിയന്തരമായി നിർമ്മിച്ച് വാഹനങ്ങൾക്കും ജനങ്ങൾക്കും സൗകര്യപ്രദമായ യാത്രാസൗകര്യം ഉണ്ടാക്കിത്തരണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, മംഗലാപുരം-ഷൊർണ്ണൂർ റെയിൽവേ ലൈൻ ഇരട്ടിപ്പിക്കലിന്റെ ഫലമായി ട്രെയിൻ ഗതാഗതം വർദ്ധിച്ചതിനാൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരം-പള്ളിക്കര ലെവൽ ക്രോസ് റെയിൽവേ ഗേറ്റ് നിരന്തരം അടച്ചിടേണ്ടതായിവരുന്നു. ഇക്കാരണത്താൽ പൊതുജനം വളരെയേറെ ബുദ്ധിമുട്ടുന്നുണ്ട്. ഇതിനുള്ള ശാശ്വത പരിഹാരമാണ് നീലേശ്വരം-പള്ളിക്കര മേൽപ്പാലം. ഇതിന്റെ നിർമ്മാണത്തിനുള്ള

അലൈൻമെന്റ് പ്ലാനിന് അനുമതി ലഭിക്കുകയും സ്ഥലം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. 2009-ൽ മേൽപ്പാല നിർമ്മാണത്തിനായി 14.5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നുവെങ്കിലും അനുമതി ലഭിച്ചിരുന്നില്ല. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 2015-16 വർഷത്തെ വാർഷിക പദ്ധതിയിൽ ഈ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി 40 കോടി രൂപയുടെ പ്രൊപ്പോസൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം സ്വീകരിച്ചുവരുന്നു. അനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്. നമ്മുടെ സംസ്ഥാനത്തെ നാഷണൽ ഹൈവേയിൽ ആർ.ഒ.ബി. ഇല്ലാത്ത ഏക ലെവൽ ക്രോസ് പള്ളിക്കരയാണ്. ബഹുമാനപ്പെട്ട പി. കരുണാകരൻ എം.പി. എന്നോടും ഇതുസംബന്ധിച്ച് സംസാരിച്ചിരുന്നു. അദ്ദേഹത്തിന്റെ ഗുഡ് ഓഫീസ് കൂടി പ്രയോജനപ്പെടുത്തി ഇത് പരിഹരിക്കാനുള്ള നടപടി സത്വരമായി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(ശ്രീ. രാജു എബ്രഹാം സീറ്റിൽ ഇല്ലാതിരുന്നതിനാൽ സബ്മിഷൻ അവതരിപ്പിക്കപ്പെട്ടില്ല.)